# എക്സ്പ്രസ് ഹെറാൾഡ്

www.expressherald.com Christian Cultural newspaper

Vol.3 Issue : 22 | For Private circulation only | 8 Pages | DECEMBER 2011

## പി.എം.ജി. ഫാമിലി കോൺഫ്രറൻസ്

**ഡാളസ്സ് :** പെന്തക്കോസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ചിന്റെ മൂന്നാമത് ഫാമിലി കോൺഫ്രൻസ് 2012 ജൂലൈ 26-29 വരെ 8200 ഈസ്റ്റ് മക്ക്നി സ്ട്രീറ്റ്-ഡന്റൺ (ടെക്സാഡ്)ൽ വച്ച് നടക്കുന്നതാണ്.

റവ. തോമസ് കെ. മാത്യു, റവ. വി.ജെ. സാംകുട്ടി, റവ. കെ.കെ. ജോസഫ്, പ്രൊഫസർ ഉമ്മർ ജോർജ് തുടങ്ങിയവരാകുന്നു കോൺഫ്രൻസിലെ മുഖ്യ പ്രസംഗകർ.


റവ. തോമസ് കെ. മാത്യു,


റവ. വി.ജെ. സാംകുട്ടി


റവ. കെ.കെ. ജോസഫ്


പ്രൊഫ. ഉമ്മർ ജോർജ്

"നിങ്ങൾ എന്റെ സാക്ഷികളാകുവിൻ" (അ.പ്രവൃ. 1:8) എന്നതാണ് കോൺഫ്രൻസിന്റെ മുഖ്യചിന്താ വിഷയം.

കോൺഫ്രൻസിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായി റവ. ജേക്കബ് എബ്രഹാം, റവ. സോളമൻ ഡാനിയേൽ, ഇവ. ജോർജ് കുരുവിള, യൂത്ത് ഡയറക്ടറായി ഇവാ. ജോജി ജോൺ തുടങ്ങിയവർ പ്രവർത്തിക്കുന്നു.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക: ഫോൺ : 469-360-1163


റവ. ജേക്കബ് എബ്രഹാം


റവ. സോളമൻ ഡാനിയേൽ


ഇവ. ജോർജ് കുരുവിള


ഇവാ. ജോജി ജോൺ

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ
# ഒരുക്കങ്ങൾ ആരംഭിച്ചു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 89-ാമത് ജനറൽ കൺവൻഷൻ 2012 ജനുവരി 16 മുതൽ 22 വരെ തിരുവല്ലായിലുള്ള ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ വച്ച് നടക്കും. 16 തിങ്കളാഴ്ച വൈകിട്ട് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യും. ചർച്ച് ഓഫ് ഗോഡ് ഇന്റർനാഷണൽ ഫസ്റ്റ് അസിസ്റ്റന്റ് ജനറൽ ഓവർസിയർ റവ. ടീം ഹിൽ, ഏഷ്യാ പെസഫിക് ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സൺ, റീജണൽ സൂപ്രണ്ട് റവ. ഡെന്നീസ് ഹെപ്നർ എന്നിവരാണ് പ്രധാന പ്രസംഗകർ യു.എ.ഇ. നാഷണൽ ഓവർസിയർ റവ. കെ.ഒ. മാത്യു, റവ. കുര്യൻ ജോർജ്ജ്, റവ. ജോൺ തോമസ്, റവ. ജോസഫ് ശാമുവൽ തുടങ്ങിയ വിദേശ മലയാളി പ്രസംഗകരും പാസ്റ്റർമാരായ കെ.സിയ ജോൺ, പാസ്റ്റർ പി.ആർ. ബേബി, പി.സി. ചെറിയാൻ, സുവി. പി.ഐ. എബ്രഹാം തുടങ്ങി ദൈവസഭയുടെ നേതൃത്വ നിരയിലുള്ള ദൈവദാസന്മാരും ഒരാഴ്ച നീണ്ടു നില്ക്കുന്ന ഈ കൺവൻഷനിൽ പ്രസംഗിക്കും. 22 ഞായറാഴ്ച വിശുദ്ധ സഭായോഗത്തോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിക്കും.

"എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നതാണ് ഈ വർഷത്തെ മുഖ്യ ചിന്താവിഷയം കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി ജനുവരി 11 മുതൽ 15 വരെ കൺവൻഷൻ സ്റ്റേഡിയത്തിൽ വെച്ച് പ്രത്യേക ഉപവാസ പ്രാർത്ഥന നടത്തും.

ഒക്ടോബർ 18-ന് മുളക്കുഴ സീയോൻകുന്നിൻ നടന്ന ആലോചനായോഗത്തിൽ കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി ജനുവരി 11 മുതൽ 15 വരെ കൺവൻഷൻ സ്റ്റേഡിയത്തിൽ വച്ച് പ്രത്യേക ഉപവാസ പ്രാർത്ഥന നടത്തും.

ഒക്ടോബർ 18-ന് മുളങ്കുഴ സീയോൻകുന്നിൽ നടന്ന ആലോചനായോഗത്തിൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ജനറൽ കൺവീനറായി വിപുലമായ കമ്മിറ്റി രൂപീകരിച്ചു. പാസ്റ്റേഴ്സ് പി.ജി. മാത്യൂസ്, എം.ഒ. ഏലിയാസ് (ജോ. കൺവീനേഴ്സ്), പി.ജെ. ജെയിംസ് (ട്രാൻസ്ലേഷൻ), ജെ. ജോസഫ് (മീഡിയ), പി.സി. ചെറിയാൻ (പബ്ളിസിറ്റി), ഈപ്പൻ ചെറിയാൻ (കർത്തൃമേശ), വി.ജെ. കുഞ്ഞുമ്മൻ (പ്രാർത്ഥന), കെ.എ. ഉമ്മൻ (ഫിനാൻസ്), റ്റി.ഏ. ജോർജ്ജ് (മ്യൂസിക്), ജി. അലക്സ് (സ്തോത്രകാഴ്ച), കെ.വി. ജോയിക്കുട്ടി (സ്നാനം), പി.എൻ. ഫിലിപ്പ് (പരാതികൾ), കെ.റ്റി. വർഗ്ഗീസ് (വോളണ്ടിയേഴ്സ്), സജി ജോർജ്ജ് (സ്റ്റേജ് അറേഞ്ച്മെന്റ്), ബെൻസ് ഏബ്രഹാം (ഇൻഫോർമേഷൻ), തോമസ് എം.പുളിവേലിൽ

➡ 7

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ജനറൽ കൺവൻഷൻ ആരംഭിച്ചു

പാ. ജെയ്മോൻ
കെ. ബാബു

**ബാംഗ്ലൂർ :** വിശ്വാസ സമൂഹം പരിശുദ്ധാത്മ ഉണർവ്വിനും ദൈവസ്നേഹത്തിലും മുന്നേറണമെന്ന് കേരളാ സ്റ്റേറ്റ് ഓവർസിയർ പാ. എം. കുഞ്ഞപ്പി ആഹ്വാനം ചെയ്തു. ലിംഗരാജപുരം ക്യാമ്പസ് ക്യൂസേഡ് ഫോർ ക്രൈസ്റ്റ് ഓഡിറ്റോറിയത്തിൽ നടന്ന ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാസ്റ്റർ ബിജു ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. അന്ന് രാവിലെ 9.30-ന് നടക്കുന്ന വൈ.പി.ഇ. സൺഡേ സ്കൂൾ വാർഷീക സമ്മേളനം പാ. എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യും. വാർഷീക സമ്മേളനത്തിലും




വൈകിട്ട് നടക്കുന്ന പൊതു സമ്മേളനത്തിലും ഡോ. കെ. മുരളീധരൻ മുഖ്യ സന്ദേശം നൽകും. പിറ്റേന്ന് രാവിലെ കർണ്ണാടക സംസ്ഥാനത്തിലെ മലയാളം ദൈവസഭയുടെ സംയുക്താരാധന നടത്തും. പാ. പി. ഐ. എബ്രഹാം (കാനം അച്ചൻ) വചന ശുശ്രൂഷ നടത്തും.

## പാകിസ്ഥാനിൽ ക്രിസ്ത്യാനികളുടെ ഭൂമി മുസ്ലീംങ്ങൾ കൈവശപ്പെടുത്തുന്നു

**ലാഹോർ (പാകിസ്ഥാൻ) :** തെക്കൻ പഞ്ചാബ് പ്രോവിൻസിൽ വർഷങ്ങളായി ക്രിസ്ത്യാനികൾ കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരുന്ന ഭൂമിയിൽ നിന്ന് നിർബന്ധിച്ച് ഒരു കൂട്ടം പോലീസും റിട്ടയർ ചെയ്ത മിലിട്ടറി ഉദ്യോഗസ്ഥന്മാരും ചേർന്ന് കുടിയിറക്കാൻനടത്തിയ ശ്രമത്തിൽ രണ്ട് ക്രിസ്തീയ യുവതികൾക്ക് കാര്യമായ പരുക്ക്. യുവതികളെ സഹായിക്കാൻ വന്ന മറ്റ് ക്രിസ്ത്യാനികളെ പോലീസും റിട്ടയേർഡ് മിലിട്ടറി ഉദ്യോഗസ്ഥരും ചേർന്ന് വെടിവച്ചു.

'കോട്ട് അടു' എന്ന സ്ഥലത്ത് നസീർ മസിയുടെ 12.5 ഏക്കർ സ്ഥലത്ത് ഏഴ് സ്ത്രീകൾ കടല കൃഷി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് സ്ഥലം എസ്.ഐ.-യുടെ നേതൃത്വത്തിൽ 8 പോലീസുകാരും എയർ മാർഷൽ മക്ബൂൾ ഷായും ചേർന്ന് കുടിയിറക്കൽ ശ്രമം നടത്തിയത്. റിട്ടയറായ ആർമി ഉദ്യോഗസ്ഥർക്ക് ഈ സ്ഥലം പാകിസ്ഥാനി റവന്യൂ ഡിപ്പാർട്ട്മെന്റ് പതിച്ചുകൊടുത്തിരിക്കയാണ് എന്ന് ഇവർ അവകാശവാദം മുഴക്കുന്നു. 1976 മുതൽ നസീർ മസിയുടെ ആവകാശത്തിലാണ് ഈ ഭൂമിയെന്നും തങ്ങൾ വിട്ട് പോകുകയില്ലായെന്ന് സ്ത്രീകൾ ഉറപ്പിച്ച് പറഞ്ഞപ്പോഴാണ് പോലീസുകാരും എയർമാന്മാരുമാരും സ്ത്രീകളെ കടന്ന് ആക്രമിച്ചതും ദേഹോപദ്രവം ചെയ്തു.

ഗവൺമെന്റിൽ നിന്ന് പതിച്ചുകിട്ടിയ 10,000 ഏക്കർ സ്ഥലത്താണ് ഇവിടെയുള്ള ക്രിസ്ത്യനികൾ താമസിക്കുന്നത്. ഈ കോളനിയിൽ താമസിക്കുന്ന ക്രിസ്ത്യാനികൾക്ക് ഈ ഭൂമി അവരുടെ പേരിൽ പതിച്ചുകിട്ടിയതിന്റെ രേഖകൾ കൈവശം ഉണ്ടായിരിക്കയാണ് ഈ ആക്രമണം നടക്കുന്നത്.

ക്രിസ്ത്യാനികളുടെ പേരിലുള്ള വസ്തുക്കൾ ഏതെങ്കിലും ന്യായങ്ങൾ ഉന്നയിച്ച് മുസ്ലീംങ്ങൾ തട്ടിയെടുക്കുന്ന പ്രവണത പാകിസ്ഥാനിൽ വർദ്ധിച്ചു വരികയാണ്. ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് മുസ്ലീം ഭൂരിപക്ഷമുള്ള പാകിസ്ഥാനിൽ ന്യായം ലഭിക്കുക വളരെ പ്രയാസമാണ്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിൽ എത്തിയിരിക്കുകയാണ്. സാധുക്കളായ ക്രിസ്ത്യാനികൾ ഇവിടെ നിസഹായരാണ്.

## ഇറാനിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പാസ്റ്ററുടെ ആരോഗ്യസ്ഥിതി ഗുരുതരം

പാപ്പി ജോൺസൺ

**ഇസ്താംബൂൾ (തുർക്കി):** ചർച്ച് ഓഫ് ഇറാനിലെ പാസ്റ്ററായ യൂസീഫ് നാടാർഖാനി മരണശിക്ഷക്ക് വിധിക്കപ്പെട്ട് ഇറാനിലെ ജയിലിൽ കഴിയുന്നു. ഇസ്ലാം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ചതിനാലാണ് യൂസീഫിനെ പോലീസ് അറസ്റ്റ് ചെയ്തത്. മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെട്ട യൂസീഫിന്റെ ആരോഗ്യസ്ഥിതി വളരെ പരിതാപകരമാണ്. പുറലോകവുമായുള്ള യൂസീഫിന്റെ സമ്പർക്കം വളരെ പരിമിതമാണ്. തന്റെ ക്രിസ്തീയ വിശ്വാസം ത്യജിച്ചാൽ ശിക്ഷയിൽ ഇളവ് വരുത്തുമെന്ന് പോലീസ് അധികൃതർ പറഞ്ഞതായി അറിയുന്നു. എന്നാൽ യൂസീഫ് അതിന് വഴങ്ങുമെന്ന് തോന്നുന്നില്ല. കഴിഞ്ഞ മാസം, ബൈബിളിനേയും ക്രിസ്തീയ വിശ്വാസ പ്രമാണങ്ങളേയും അപലപിച്ചുകൊണ്ടുള്ള ഇസ്ലാമിക് കൃതികൾ യൂസീഫിന് കൊടുത്തു.

2009 ഒക്ടോബറിലാണ് രാഷ്ട് എന്ന തന്റെ നാട്ടിൽവച്ച് പോലീസ് യൂസഫിനെ അറസ്റ്റു ചെയ്തത്. ഇറാനിയൻ സ്കൂളുകളിൽ നിർബന്ധിച്ച് കുട്ടികളെ ഇസ്ലാം പഠിപ്പിക്കുന്നതിന്റെ ഔചിത്വത്തെ ചോദ്യം ചെയ്താണ് തന്നിൽ ആരോപിക്കപ്പെട്ട കുറ്റം. 2010 ന വംബറിൽ "മതനിഷേധ" കുറ്റത്തിന് കോടതി യൂസീഫിന് മരണ ശിക്ഷ വിധിച്ചത്. കേസ് ഇപ്പോൾ അപ്പീലിലാണ്. കഴിഞ്ഞ മാസം വിധിപ്രഖ്യാപിക്കേണ്ടതായിരുന്നു. എന്നാൽ ഒരു ക്രിസ്ത്യൻ പാസ്റ്ററുടെ വധശിക്ഷ ലോകം മുഴുവൻ വീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്ന കാരണത്താൽ കോടതി ഇതിൽ നിന്ന് ഒഴിഞ്ഞു മാറാനുള്ള ശ്രമത്തിലാണ്. ഈ കേസ് ഇപ്പോൾ ഇറാനിലെ പരമോന്നത മതാദ്ധ്യക്ഷൻ ആയത്തോള ഖൊമേനിയുടെ പരിഗണനയിലാണ്. മിക്കവാറും ക്രിസ്തുമസ്സിന് മുമ്പ് ഒരു തീരുമാനം ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്ന് സി.ബി.എൻ. (Christian Brodcasting) റിപ്പോർട്ട് ചെയ്യുന്നു.

## നൈജീരിയിൽ മുസ്ലീം തീവ്രവാദികൾ 45 ക്രിസ്ത്യാനികളെ കൊലപ്പെടുത്തി

**ബാർകിൻ ലാടി (നൈജീരിയ):** മുസ്ലീം പട്ടാളത്തിന്റെ സഹായത്തോടെ ഫുലാനി മുസ്ലീം തീവ്രവാദികൾ നൈജീരിയയിലെ വടക്കൻ പ്രദേശമായ പ്ലേറ്റോ സംസ്ഥാനത്ത് 45 ക്രിസ്ത്യാനികളെ ഒരാഴ്ചക്കുള്ളിൽ കൊലപ്പെടുത്തി. ക്രിസ്ത്യാനികളെ തിരിഞ്ഞ്പിടിച്ച് മൃഗീയമായി ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്യുന്ന ഈ പ്രവണത തുടങ്ങിയിട്ട് വളരെ നാളുകളായി. പട്ടാളത്തിന്റെ സഹായത്തോടെയാണ് മുസ്ലീം തീവ്രവാദികൾ അവരുടെ നരവേട്ട തുടരുന്നത്. സ്വയരക്ഷയ്ക്ക് ആയുധംപോലും ഇല്ലാത്ത ക്രിസ്ത്യാനികൾ മരണഭീതികാരണം സ്വന്ത നാടും വീടും ഉപേക്ഷിച്ച് ഒളിവിൽ താമസിക്കുന്നു. ക്രിസ്ത്യാനികളുടെ വീടും കൃഷിഭൂമിയുമൊക്കെ തീവ്രവാദികൾ പിടിച്ചെടുക്കുന്നു. ക്രിസ്തീയ ദേവാലയത്തിൽ അംഗസംഖ്യ കുറയുന്നു. കഴിഞ്ഞ ആഴ്ചയിൽ ഭൂരിപക്ഷം സഭകളിൽ ആരാധന നടന്നില്ല. ചർച്ച് ഓഫ് ക്രൈസ്റ്റ് ഓഫ് നൈജീരിയയിൽ സാധാരണയായി 1200 പേർ ആരാധനയിൽ ഞായറാഴ്ച പങ്കെടുക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ ഞായറാഴ്ച

➡ 4

EDITORIAL BOARD

*Cheif Editor*
Raju Tharakan

*Managing Editors*
Shaji Maniyatt
Rev. Shaji Daniel
Rev. Samuel P. John
Rev. Podiyan Thomas

*Sub Editor*
Rev. Dr. A.U. George

*Contributing Editor*
Thomas Mullackal

*Advisory Board*
Rev. Daniel Samuel

www.expressherald.com

വാർത്തകൾ
പരസ്യങ്ങൾ
മറ്റുരചനകൾ
അയക്കേണ്ട വിലാസം
e-mail:
news@expressherald.com

പ്രസിദ്ധീകരിക്കുന്ന എല്ലാ രചനകളുടേയും ഉത്തരവാദിത്വം ലേഖനകർത്താക്കൾക്ക് മാത്രമാകുന്നു

എഡിറ്റോറിയൽ

# വേണം നമുക്കും ഒരു ഡ്രസ്സ് കോഡ്



ഷാജി മണിയാറ്റ്

കേരളത്തിലെ ചില കത്തോലിയ്ക്കാ രൂപതകളിൽ ആരാധനയ്ക്ക് വരുമ്പോൾ വിശ്വാസികൾ ധരിച്ചിരിക്കേണ്ട വസ്ത്രധാരണത്തേപ്പറ്റിയുള്ള പെരുമാറ്റചട്ടങ്ങൾ ഇടയലേഖനത്തിൽ കൂടി പുറത്തിറക്കി. വിശ്വാസികൾ ആരാധനയ്ക്ക് കടന്നുവരുമ്പോൾ യോഗ്യമായ വസ്ത്രങ്ങൾ മിനി സ്കേർട്ടുകൾ, ഒട്ടിപിടിച്ച വസ്ത്രങ്ങൾ എന്നിവ വർജ്ജിയ്ക്കേണം എന്ന് ഇടയലേഖനം നിർദ്ദേശിച്ചിരിയ്ക്കുന്നു. ധാർമ്മീക മൂല്യങ്ങൾ അധപതിച്ചുകൊണ്ടിരിയ്ക്കുന്ന ഈ കാലഘട്ടത്തിൽ ധീരമായി ഇടയലേഖനം ഇറക്കിയ രൂപതാ അദ്ധ്യക്ഷന്മാരുടെ നടപടി ശ്ലാഹനീയം തന്നെ.

പെന്തക്കോസ്തു വിഭാഗങ്ങളിൽ നേതാക്കന്മാർ അത്തരം ഒരു പ്രസ്താവന നടത്തുവാൻ ധൈര്യം കാണിയ്ക്കുമോ? ഇല്ല എന്നുതന്നെ ആയിരിയ്ക്കും ഉത്തരം. സ്റ്റേജിൽ കയറി ആർക്കും ദൂഷ്യം വരാത്തരീതിയിൽ ഒരു പ്രസംഗം തട്ടിവിടുകയല്ലാതെ ഒരു പ്രസ്താവന ഇറക്കുവാൻ നേതൃത്വത്തിന് ഭയമാണ്. ചില വർഷങ്ങൾക്ക് മുൻപ് ഡാളസ്സിലെ ഒരു പെന്തക്കാസ്തുചർച്ചിൽ മിനി സ്കേർട്ട് ഇട്ടുവന്ന സഹോദരിമാരോട് പാസ്റ്റർ മാന്യമായി വസ്ത്രധാരണം ചെയ്തേ സഭയിൽ വരാവൂ എന്ന് പറഞ്ഞു. അതിനുശേഷം അവർ ഇരുവരും പിന്നീട് ഒരിയ്ക്കലും മലയാളി ചർച്ചിൽ ആരാധനയ്ക്ക് കടന്നു വന്നിട്ടില്ല. ദാവീദ് രാജാവിന്റെ മുഖത്ത് നോക്കി ആ മനുഷ്യൻ നീ തന്നെ എന്ന് പറയുവാനും ഹെരോദാവിന്റെ ചെയ്തികളെ അപലപിച്ച് പ്രസംഗിച്ച പ്രവാചകന്മാർ ഇന്ന് അന്യം നിന്നു പോയി.

ആഭരണം 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പെന്തക്കോസ്തു ജനത വർജ്ജിച്ചിരുന്നു. ഇന്ന് എല്ലാവിഭാഗങ്ങളിലും ആഭരണധാരികൾ ഇഷ്ടം പോലെ ഉണ്ട്.

പൗലോസ് തിമൊത്തിയോസിന് ലേഖനം എഴുതുമ്പോൾ തിമോ 2:9 ... അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കുടെ തങ്ങളെ അലങ്കരിയ്ക്കേണം. പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല. ദൈവഭക്തിയെ സ്വീകരിയ്ക്കുന്ന സ്ത്രീകൾക്ക് ഉചിതമാം വണ്ണം സൽപ്രവൃത്തികൊണ്ടത്രേ അലങ്കരിയ്ക്കേണ്ടത്. സഹോദരിമാരുടെ വസ്ത്രം എല്ലാനിലയിലും മാന്യവും യോഗ്യതപുലർത്തുന്നതുമായിരിയ്ക്കേണം. വസ്ത്രം എന്നതിന്റെ മൂലപദത്തിന് ഗ്രീക്കിൽ (Katastoye) വിശാലമായ അർത്ഥം അടങ്ങിയിരിയ്ക്കുന്നു. നോട്ടത്തിലോ നടപ്പിലോ വസ്ത്രത്തിലോ തങ്ങളെ പ്രദർശിപ്പിയ്ക്കുന്ന പെരുമാറ്റത്തേയും ആ വാക്ക് സൂചിപ്പിയ്ക്കുന്നു. മോടിയുള്ള വസ്ത്രധാരണത്തിൽ പലപ്പോഴും അഹങ്കാരമുള്ള ഹൃദയം ഒളിച്ചിരിപ്പുണ്ടാകും. ആഭരണം ഉപയോഗിയ്ക്കാത്ത പെന്തക്കോസ്തുകാർ, പതിനായിരത്തിന്റേയും, ഇരുപതിനായിരത്തിന്റേയും സാരികൾ വാങ്ങിക്കൂട്ടുന്നതിൽ ഒരു പിശുക്കും കാണിയ്ക്കുകയില്ല. ഒരു പവൻ സ്വർണ്ണത്തിന് അത്രയും തന്നെ രൂപ മുടക്കി സാരി വാങ്ങുന്നതും ആഭരണമല്ലേ? ധനം വർദ്ധിയ്ക്കുന്നതിൽ തെറ്റില്ല. ഇയ്യോബും, അബ്രഹാമും മഹാ ധനവാന്മാർ തന്നെ ആയിരുന്നു. എന്നാൽ സമ്പത്തിൽ അഹങ്കരിയ്ക്കുന്നതിനോട് ദൈവവചനം എതിർത്തുനില്ക്കുന്നു. ധനവാന്റേയും ലാസ്സറിന്റെയും കർത്താവു തന്നെ പറഞ്ഞ ഉപമ വളരെ ശ്രദ്ധേയമാണ്. ധനവാൻ മോശമായിട്ട് ഒന്നും ചെയ്തതായി ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. അവൻ ധൂമവസ്ത്രവും പട്ടും ധരിച്ചു ദിനം പ്രതി ആഡംബരത്തോട് സുഖിച്ചുകൊണ്ടിരുന്നു. എന്നാൽ അയാൾ നമ്മളെക്കാൾ നല്ലവനായിരുന്നു.

വ്രണം നിറഞ്ഞവനായൊരുവനെ അവന്റെ പടിപ്പുരയ്ക്കൽ കിടക്കുവാൻ അവൻ അനുവദിച്ചു. നാം ആയിരുന്നുവെങ്കിൽ അത്തരക്കാരനൊരുവനെ നമ്മുടെ വീടിന്റെ മുന്നിൽ കിടക്കുവാൻ അനുവദിയ്ക്കുമായിരുന്നോ? അവൻ സഹോദരസ്നേഹമുള്ളവനായിരുന്നു. ഈ രണ്ടുകാര്യങ്ങൾ മാത്രം മതി അവൻ നമ്മളെക്കാൾ നല്ലവനായിരുന്നു എന്ന് തിരിച്ചറിയുവാൻ. ഇന്ന് നമുക്ക് ഒരു ഡ്രസ്സ് കോഡിന്റെ ആവശ്യം ഇല്ലേ? മുഖം നോക്കാതെ തന്റേടത്തോട് ഇടയലേഖനം ഇറക്കുവാനുള്ള ആത്മീയനേതൃത്വം മുന്നോട്ട് വരട്ടെ. അമേരിയ്ക്കയിലെ മലയാളി ചർച്ചകളിൽ നാളിതുവരെ നല്ല വസ്ത്രധാരണത്തോടുകൂടി മാത്രമേ വിശ്വാസികൾ ആരാധനയ്ക്ക് വന്നിരുന്നുള്ളൂ. എന്നാൽ ആ ശൈലിയ്ക്ക് ഇന്ന് വ്യത്യാസം വന്നുകൊണ്ടിരിയ്ക്കുന്നു. ടീഷർട്ടും ജീൻസും ഇട്ടയുവാക്കൾ പ്രയ്സ്& വർഷിപ്പിൽ പങ്കെടുക്കുന്നു. മിനിസ്കേർട്ടുകൾ വീണ്ടും കടന്നു വന്നിരിയ്ക്കുന്നു. സ്ലീവ്ലെസ് ചുരിദാറുകളും അന്യമല്ല. ഞായറാഴ്ച ആരാധനയിലെങ്കിലും ഒരു ഡ്രസ്സ് കോഡ് നടപ്പാക്കിയിരുന്നെങ്കിൽ നന്നായിരുന്നേനെ. അതിന് നമ്മുടെ നേതൃത്വം തയ്യാറാവുമോ?

## ക്രിസ്തുമതം സ്വീകരിച്ചതിന് ഏഴുപേരെ കാശ്മീരിൽ പോലീസ് അറസ്റ്റ് ചെയ്ത് മർദ്ദിച്ചു

**ന്യൂഡെൽഹി :** മുസ്ലീം ഭൂരിപക്ഷമുള്ള കാശ്മീർ വാലിയിൽ സ്നാനപ്പെട്ട ക്രിസ്തുമതം സ്വീകരിച്ചു എന്ന ഏക കാരണത്താൽ അറസ്റ്റു ചെയ്യപ്പെട്ട സാധുക്കളെ പോലീസ് മർദ്ദിച്ചു. ശ്രീനഗറിലുള്ള 'ആൾ സെയിന്റ് ചർച്ചി'ലാണ് സ്നാന ശുശ്രൂഷ നടന്നത്. ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യൻ മിഷണറിമാരേ ഏതു സമയത്തും പോലീസ് തിരിഞ്ഞ് പിടിച്ച് അറസ്റ്റ് ചെയ്യുമെന്ന് ഭയക്കുന്നു. 'ഞങ്ങളുടെ യുവാക്കളെ സ്വാധിച്ച് ക്രിസ്ത്യാനികളാക്കുന്നു' എന്നാണ് മുസ്ലീം നേതാക്കൾ അവകാശപ്പെടുന്നത്. സ്നാനപ്പെട്ടവരിൽ ഭൂരിഭാഗവും ശ്രീനഗറിൽ നിന്ന് 18 മൈൽ അകലെയുള്ള 'ബൂടാം' ജില്ലയിൽ നിന്നുള്ളവരാണ്. ഇവിടെ പ്രവർത്തിക്കുന്ന പാസ്റ്റർ പോലീസിനെ ഭയന്ന് ഒളിവിലാണ്. സ്നാനപ്പെട്ടവരെ പോലീസ് ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നു. പോലീസിന് അറിയേണ്ടത് ഈ പുതുവിശ്വാസികൾ ക്രിസ്തീയ പ്രവർത്തകരിൽ നിന്ന് പണം സ്വാകരിച്ചിട്ടുണ്ടോ എന്നതാണ്. സ്നാന ശുശ്രൂഷയുടെ വീഡിയോ പോലീസിന് ലഭിച്ചിട്ടുണ്ട്. അതിൽ നിന്നാണ് പോലീസ് സ്നാനപ്പെട്ടവരുടെയും സ്നാനപ്പെടുത്തിവരുടേയും പേരും മറ്റ് വിവരങ്ങളും ലഭിച്ചത്. പോലീസ് സ്നാനത്തിന്റെ വീഡിയോ കൈമാറിയത് പ്രശസ്ത ഇസ്ലാം വേദപണ്ഡിതനായ ബഷീർ-ഉദ്-അഹമ്മദാണ്. ആൾ സെയിന്റ് ചർച്ചിലെ പാസ്റ്ററായ റവ. ചന്ദൻമണി ഖന്നായെ ഒരു അഭിമുഖസംഭാഷണത്തിൽ ബഷീർ-ഉദ്-അഹമ്മദ് ക്ഷണിച്ചിരിക്കുകയാണ്. ഈ മാസം അവസാനം ഇവർ തമ്മിൽ സംസാരിക്കുമെന്ന് അറിയുന്നു. അപ്പോൾ തന്നെ നവംബർ 12-ാം തീയതി കോടതിയിൽ ഹാജരാകണമെന്ന് അറിയിച്ചുകൊണ്ടുള്ള സമൻസ് പാസ്റ്റർ ഖന്നാക്കിന് ലഭിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾകാരണം തനിക്ക് കോടതിയിൽ ഹാജരാകാൻ സാധിച്ചില്ല. ചർച്ച് ഓഫ് നോർത്ത് ഇന്ത്യയുടെ കീഴിലുള്ള ഒരു ലോക്കൽ ചർച്ചാണ് ആൾ സെയ്ന്റ് ചർച്ച്. അഹമ്മദിന്റെ ആരോപണം, പാസ്റ്റർ ഖന്നാ ചെറുപ്പക്കരായ മുസ്ലീം യുവതി-യുവാക്കളെ വശീകരിച്ച് പണം കൊടുത്ത് ക്രിസ്ത്യാനികൾ ആക്കുന്നു എന്നാണ്. ഈ ആരോപണത്തെ പാസ്റ്റർ ഖന്നാ നിഷേധിക്കുന്നു. സ്നാനപ്പെട്ടവരെ നിർബന്ധിക്കുകയോ പണം കൊടുത്ത് സ്വാധീനിക്കുകയോ ചെയ്തിട്ടില്ല. വേണ്ടിവന്നാൽ ഈ സ്നാനപ്പെട്ടവർ തന്നെ രേഖാമൂലം കോടതിയെ ഈ വിവരം ധരിപ്പിക്കുവാൻ തയ്യാറാണ്. ഇതിനെക്കുറിച്ച് പാസ്റ്റർ ഖന്നാ പറയുന്നു, എനിക്ക് ആരുടേയും മനസ്സ് മാറ്റാനോ ക്രിസ്ത്യാനിയാക്കാനോ കഴിയുകയില്ല. പരിശുദ്ധാത്മാവ് മനുഷ്യ ഹൃദയങ്ങളിൽ പ്രവർത്തിക്കുമ്പോൾ വ്യക്തികൾ സ്വയമായി എടുക്കുന്ന തീരുമാനങ്ങളാണ് ഇതൊക്കെ. അത് അവരുടെ തീരുമാനമാണ്. എന്റേതല്ല, ഇത് പരസ്യമായി നടന്ന ഒരു ശുശ്രൂഷയായതുകൊണ്ടാണല്ലോ വീഡിയോയിൽ പകർത്താനുള്ള അവസരം ലഭിച്ചത്. രഹസ്യമായി നടത്തേണ്ട കാര്യമായിരുന്നെങ്കിൽ ക്യാമറ അനുവദിക്കേണ്ടതായിരുന്നല്ലോ. ഇത് രഹത്യമൊന്നുമല്ല. മുസ്ലീം മത നേതാക്കളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് ഈ സ്ഥാനാർത്ഥികളെ പോലീസ് അറസ്റ്റ് ചെയ്തത് എന്ന് കരുതുന്നു. കാശ്മീരിൽ ഏതാണ്ട് ഒരു കോടി ജനങ്ങൾ പാർക്കുന്നു. അതിൽ ക്രിസ്ത്യാനികൾ കേവലം 20000 മാത്രം. 2006 നവംബറിൽ ബഷീർ അഹമ്മദ് താരേത എന്ന 50 കാരൻ എഞ്ചിനിയറെ മുസ്ലീം തീവ്രവാദികൾ വെടിവച്ചുകൊന്നു. ഈ സഹോദരൻ ഒരു ക്രിസ്തീയ പ്രവർത്തകൻ കൂടെയായിരുന്നു. ഈ വാർത്ത ലോകത്ത് പലയിടങ്ങളിലും ശ്രദ്ധിക്കപ്പെട്ടു.

അടുത്തകാലത്ത് അമേരിക്കയിലെ ഒരു ക്രിസ്ത്യൻ വെബ്സൈറ്റിൽ വന്ന വാർത്ത ശ്രദ്ധിക്കുക. 'കാശ്മീരിൽ അനേകായിരം മുസ്ലീം യുവാക്കൾ ക്രിസ്തുമതം സ്വീകരിച്ചു.' എന്നാൽ ഇവിടത്തെ ദേശവാസികളായ ക്രിസ്ത്യാനികൾ പറയുന്നു ആ വാർത്ത തികച്ചും തെറ്റാണ്. ഇങ്ങനെയുള്ള പ്രകോപനപരമായ വാർത്തകൾ മുസ്ലീം തീവ്രവാദികളെ ചൊടിപ്പിക്കുന്നു. അത് സുവിശേഷ വേലയും ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന സുവിശേഷ വേലക്കാർക്കും വളരെ ദോഷം ചെയ്യും. വാർത്തകൾ കൊടുക്കുമ്പോൾ മാധ്യമങ്ങൾ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## 17-ാമത് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യാ) ദേശീയ സമ്മേളനം ന്യൂജേഴ്സിയിൽ

പാസ്റ്റർ രാജൻ ഏബ്രഹാം, പാസ്റ്റർ പി.പി. കുര്യൻ



പി.വി. മാത്യു



സി.എ. ജോസഫ്



ഫിനോയി



വർഗ്ഗീസ് വർഗ്ഗീസ്



സന്തോഷ്

ദൈവഹിതമായാൽ നോർത്ത് അമേരിക്കൻ മലയാളി ദൈവസഭയുടെ 17-ാമത് ദേശീയ സമ്മേളനം 2012 ജൂലൈ 19 മുതൽ 22 വരെയുള്ള തീയതികളിൽ ന്യൂജേഴ്സിയിൽ പിസ്ക്കാറ്റവേ സിറ്റിയിലുള്ള റാഡിസൺ ഹോട്ടലിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. പരിചയസമ്പന്നരായ ദൈവദാസന്മാരുടെ നേതൃത്വത്തിൽ നാഷണൽ, ലോക്കൽ കമ്മിറ്റി രൂപീകരിച്ച് സമ്മേളനത്തിന്റെ പുരോഗതിയ്ക്കായി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കാലാനുസൃതമായ ചിന്താവിഷയം ദൈവജനത്തിന്റെ ഒരുക്കത്തിനും കർത്താവിന്റെ വരവിങ്കൽ എടുക്കപ്പെടുന്നതിനും വേണ്ടി തിരഞ്ഞെടുക്കപ്പെട്ടത്. ആമോസ് 4:12 ആസ്പദമാക്കിയാണ് "നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങികൊൾക."

സമ്മേളനത്തിന്റെ നാഷണൽ എക്സിക്യൂട്ടീവിൽ പ്രവർത്തിക്കുന്നവർ പാസ്റ്റർ പി.വി. മാത്യു (പ്രസിഡന്റ്), പാസ്റ്റർ സി.എ. ജോസഫ് (വൈസ് പ്രസിഡന്റ്), ബ്രദർ ഫിനോയി ജോൺസൺ (സെക്രട്ടറി), ബ്രദർ വർഗ്ഗീസ് വർഗ്ഗീസ് (ട്രഷറാർ), പാസ്റ്റർ സന്തോഷ് പൊടിമല (യൂത്ത് കോർഡിനേറ്റർ), ലേഡീസ് ഫെല്ലോഷിപ്പിലേക്ക് സിസ്റ്റേഴ്സ് കുഞ്ഞമ്മ മാത്യു (പ്രസിഡന്റ്), സൂസൻ ബി. ജോൺ (വൈസ് പ്രസിഡന്റ്), മറിയാമ്മ രാജൻ (സെക്രട്ടറി), ജയിനമ്മ ഫിലിപ്പോസ് (ട്രഷറാർ), അച്ചാമ്മ ചാക്കോ (SWR. Rep.), സാലി ബഞ്ചമിൻ (NER. Rep.), ചർച്ച് ഗ്രോത്ത് കോർഡിനേറ്റർ-പാസ്റ്റർ കെ. ജെ. മാത്യു, ആഡിറ്റർ-ഇവാ. ജോയി, മേപ്രാൽ, മീഡിയ-പാസ്റ്റർ രാജൻ ഏബ്രഹാം, പബ്ലിക്കേഷൻ കോർഡിനേറ്റർ-പാസ്റ്റർ പി.പി. കുര്യൻ.

നാഷണൽ കമ്മിറ്റി അംഗങ്ങൾ : ബ്രദേഴ്സ് വിൽസൺ വർഗ്ഗീസ് കാനഡ, ഷാജി ദാനിയേൽ ഡാളസ്സ്, പാസ്റ്റർ ബാബു എം. ജോൺ ഫ്ളോറിഡ, ഏബ്രഹാം ഫിലിപ്പ് അറ്റലാന്റ്, പാസ്റ്റർ ജോൺ തോമസ് ഹൂസ്റ്റൺ, പാസ്റ്റർ സ്റ്റീഫൻ ബഞ്ചമിൻ ന്യൂജേഴ്സി, പാസ്റ്റർ ജോൺസൺ മാത്തൻ, ബ്രദർ കോശി എം. വർഗ്ഗീസ് ന്യൂയോർക്ക്, ബ്രദേഴ്സ് ജോസ് ഏബ്രഹാം ഒക്കലഹോമ, ചാണ്ടി ഏബ്രഹാം ഫിലദൽഫിയ, ഏ.വി. ഡാനിയേൽ ടെന്നിസി, പാസ്റ്റർ സാംകുട്ടി മത്തായി ചിക്കാഗോ, പാസ്റ്റർ രാജൻ സാമുവേൽ സൗത്തു കരോളിന, ബ്രദർ ഷിജി ജോർജ് മിച്ചിഗൺ, ജോജോ ഡിനിയേൽ മെക്കാലിൻ. ഈ സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥനയും സഹകരണവും ആവശ്യപ്പെടുന്നു.



കുഞ്ഞമ്മ മാത്യു



സൂസൻ ബി. ജോൺ



മറിയാമ്മ രാജൻ



ജയിനമ്മ ഫിലിപ്പോസ്



**ജോ**ർജ് സൻറ്റായന എന്ന തത്വജ്ഞാനി ഇപ്രകാരം പ്രസ്താവിച്ചു. “ചരിത്രം മറക്കുന്നവർ പഴയ തെറ്റുകൾ ആവർത്തിക്കും” വളരെ നൂറ്റാണ്ടുകൾക്ക് മുമ്പ് റോമിലെ പ്രധാന എഴുത്തുകാരനായ സിസറോ ഇപ്രകാരം പ്രസ്താവിച്ചു. “നിങ്ങൾ ജനിക്കുന്നതിന് മുമ്പ് എന്തു നടന്നു എന്നു അറിയാത്തവർ എന്നും ശത്രുക്കളായി ജീവിക്കും” നമ്മുടെ ആത്മീയ പൈതൃകം നമ്മുടെ വരും തലമുറയ്ക്ക് കൈമാറണം എന്നുള്ള കൽപ്പന ദൈവത്തിൽ നിന്നുള്ളതാണ്. യിസ്രായേൽ മക്കളോടുള്ള ബന്ധത്തിൽ ആവർത്തകന പുസ്തകം ആറാം അദ്ധ്യായത്തിലും മറ്റു പല അദ്ധ്യായങ്ങളിലും ഈ നിർദ്ദേശം കാണാം.

ക്രിസ്തുമാർഗ്ഗം നരഭോജികളെ നരസ്നേഹികളാക്കി, ഈ ലോകത്തിന് സമൂല പരിവർത്തനം ചെയ്തു. ഇന്ത്യയും വിശിഷ്യ കേരളവും ഈ നിലയിൽ എത്തിയത് ക്രിസ്തുമത വിശ്വാസം മൂലമാണ്.

### കേരളത്തിലെ സാമൂഹ്യ പരിവർത്തനം

കേരളത്തിൽ നൂറ്റാണ്ടുകളായി നിശ്ചലമായിരുന്ന ഒരു സമൂഹത്തെ ചലനാത്മകരമായ സമൂഹമാക്കി പരിവർത്തനം ചെയ്തത് പ്രൊട്ടസ്റ്റന്റെ മതത്തിന്റെ സ്വാധീനം മൂലമാണ്. കേണൽ മൺറോ, ഇംഗ്ലണ്ടിലെ പൂരിറ്റൻ വിഭാഗത്തിൽപ്പെട്ട ഒരു ദൈവഭക്തനായിരുന്നു. ഒരു മിഷണറിയോ, സഭാ ശുശ്രൂഷകനോ ആകണമെന്ന താൽപര്യം ചെറു പ്രായം മുതലേ അദ്ദേഹത്തിനുണ്ടായിരുന്നു.

വേലുത്തമ്പിദളവായുടെ ആത്മഹത്യക്കു ശേഷം 1810-ൽ കേണൽ ജോൺ മൺറോ കേരളത്തിന്റെ റെസിഡണ്ടായി ബാലരാമവർമ്മരാജാവ് മരിച്ചതിന് ശേഷം ഇരുപതാമത്തെ വയസ്സിൽ റാണി ലക്ഷ്മീ ഭായി രാജഭാരം ഏറ്റെടുത്തു. ദിവാൻ ഉമ്മിണിത്തമ്പിയെ മാറ്റിയശേഷം ദിവാന്റെ ചുമതലകൂടി ഏറ്റെടുക്കണമെന്ന് റാണി മൺറോയോട് അപേക്ഷിച്ചു തിരുവിതാംകൂർ അന്ന് പാപ്പരത്തം നേരിട്ട സമയമായിരുന്നു.

### ദിവാൻ മൺറോയുടെ പരിഷ്ക്കാരങ്ങൾ

1811 ജൂൺ മുതൽ 1814 ഡിസംബർ വരെയായിരുന്നു കേണൽ മൺറോ ദിവാനായിരുന്നത്. 1812 വരെ കൊച്ചി രാജ്യത്തിന്റെ ദിവാൻ പദവിയും അദ്ദേഹം വഹിച്ചിരുന്നു. 1819-ൽ റസിഡണ്ട് പദം ഒഴിഞ്ഞ് സ്വദേശത്തേക്ക് പോയി. മൺറോ റസിഡണ്ടും ദിവാനും ആയിരുന്ന കാലത്ത് തിരുവിതാംകൂർ കൊച്ചിയിൽ സാമൂഹ്യം, രാഷ്ട്രീയം, വിദ്യാഭ്യാസം, സാംസ്ക്കാരികം തുടങ്ങിയ രംഗങ്ങളിൽ സമൂലപരിവർത്തനം ഉളവായി. തിരുവിതാംകൂർ ചരിത്രത്തെ മൺറോക്ക് മുമ്പും പിമ്പും എന്ന് വിഭജിക്കണമെന്ന് ബുദ്ധിജീവിയും രാഷ്ട്രതന്ത്രജ്ഞനുമായ സി. കേശവൻ പ്രസ്താവിച്ചു.

### മൺറോക്ക് മുമ്പുളള ഭരണം

രാജാവു കഴിഞ്ഞാൽ ദിവാൻ ആയിരുന്നു പ്രധാന അധികാരി. വേലുത്തമ്പിക്കുശേഷമാണ് ദളവ എന്ന പേരുമാറ്റി ദിവാൻ എന്നാക്കിയത്. റസിഡന്റ് മക്കാളെയാണ് പുതിയ പേർ നൽകിയത്. ദിവാൻ ബ്രാഹ്മണൻ മാത്രമായിരിക്കണമെന്ന് നിയമമുണ്ടായിരുന്നു.

# കേണൽ ജോൺ മൺറോ
# കേരളത്തിന്റെ പിതാവ്



ഡോ. സണ്ണി എഴുമറ്റൂർ
ഹ്യൂസ്റ്റൺ

### നികുതികൾ

കേണൽ മൺറോ റസിഡണ്ടും ദിവാനുമായി ചുമതല ഏൽക്കുമ്പോൾ തിരുവിതാംകൂറിൽ നിലവിലുണ്ടായിരുന്ന നികുതി സമ്പ്രദായം യുക്തിക്കു നിരക്കാത്തതും അന്യായവുമായിരുന്നു. വമ്പിച്ച ഭൂസ്വത്തും ആദായവും ഉണ്ടായിരുന്ന നമ്പൂതിരിമാരെയും പട്ടന്മാരെയും ക്ഷത്രിയന്മാരെയും നായന്മാരെയും ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ചോഗാർ, ചാന്നാർ, അടിമകൾ എന്നീ നിർധനവിഭാഗത്തിൽ നിന്നുമാണ് നികുതികൾ പിരിച്ചിരുന്നത്. മനുഷ്യരെ ഇത്രമാത്രം അടിച്ചമർത്തിയ ഒരു ഭരണ വ്യവസ്ഥ ലോകത്തൊരിടത്തും ഇല്ലായിരുന്നു. തലക്കരം, മുലക്കരം, വള്ളക്കരം മുതലായ അനവധി നികുതികൾ ഈ പാവപ്പെട്ടവരിൽ നിന്നും ഈടാക്കി. സ്ത്രീകൾ മാറ് മറച്ചാൽ അതിന് പ്രത്യേക കരം ഉണ്ടായിരുന്നു. ചേർത്തല വടക്കേ അങ്ങാടിക്കു സമീപം ജീവിച്ചിരുന്ന നങ്ങേലിയെന്ന മുപ്പത്തഞ്ചുകാരി കരം നൽകാതെ മാറ് മറച്ചു. വിവരമറിഞ്ഞ പ്രവൃത്തിയാർ (വില്ലേജ് ഓഫീസർ) കരം പിരിക്കാനായി നങ്ങേലിയുടെ ഭവനത്തിലെത്തി. പണത്തിനു പകരം ചോരചീന്തിയ മാറിടമാണ് പ്രവത്തിയാർക്ക ലഭിച്ചത്. മുലമുറിച്ചു മാറ്റിയ നങ്ങേലി രക്തം വാർന്ന് പിടഞ്ഞു മരിച്ചു. നങ്ങേലിയുടെ ചിതയിൽ ചാടി ഭർത്താവ് കണ്ഠപ്പൻ ആത്മഹത്യ ചെയ്തു. വിവരമറിഞ്ഞ ശ്രൂമുലം തിരുനാൾ മഹാരാജാവ് 1840 മാർച്ച് 8-ന് മുലക്കരം നിർത്തലാക്കി ഉത്തരവിട്ടു.

താണജാതിയിലെ ഒരാൾ മരിച്ചു കഴിഞ്ഞാൽ അയാളുടെ സ്വത്തിന്റെ 20% സർക്കാരിലേക്ക് അടയ്ക്കണം. ഇവ കൂടാതെ മുക്കുവർ, ചോഗർ മുതലായവരുടെ സ്ഥാനങ്ങൾ നിലനിർത്താൻ ആണ്ടുതോറും ആണ്ടക്കാഴ്ച അർപ്പിക്കണമായിരുന്നു. ഇതുപോലെ കൊട്ടാനും പാടാനുമുള്ള അവകാശത്തിന് കൊട്ടുപാട്ടുസ്ഥാനക്കരവും ഏറ്പ്പെടുത്തിയിരുന്നു. ആർപ്പ്, കുവര, ആഭരണം ധരിക്കൽ, പുലകുളി മുതലായ വേറെ അനവധി കരങ്ങൾ ഉണ്ടായിരുന്നു. ഏഴജാതികൾ, നീചജാതികൾ, കീഴപ്പരിഷകൾ, ഈഴവർ, ചാന്നാർ, ക്രിസ്ത്യാനികൾ മുതലായവർ പ്രതിഫലമില്ലാതെ സർക്കാരിന്റെ ജോലികൾ ചെയ്യിച്ചിരുന്നു. ഇതിന് ഈഴിയം എന്നാണ് പറയുന്നത്. മിസ്രയീമിൽ യിസ്രയേൽ മക്കളെ കൊണ്ട് ഫറവോൻ ഊഴിയവേല ചെയ്യിച്ച ചരിത്രസത്യം നാം വചനത്തിൽ കാണുന്നു.

അടിച്ചമർത്തൽ കൊണ്ടും നികുതിഭാരം കൊണ്ടും നിവർന്നു നിൽക്കാൻ കഴിയാതെ തളർന്നു കിടന്ന അയിത്തവർഗ്ഗത്തോടാണ് ക്രിസ്തുശിഷ്യനായ മൺറോ കരുണ കാണിച്ചത്. ആദ്യമായി അവരെ പീഡിപ്പിച്ച ഉദ്യോഗസ്ഥന്മാരുടെ അഹങ്കാരത്തിനുമേൽ തന്റെ നീതിയുടെ ചാട്ടവാർ വീശി. എല്ലാവർക്കും ഒരുപോലെ നിയമങ്ങൾ ബാധകമാണെന്ന് വിളംബരം ചെയ്തു. ആദ്യമായി പാവപ്പെട്ടവരുടെ എല്ലാ നികുതികളും നിർത്തി. കേണൽ മൺറോയെ ഒരു മിഷിണറിയായി കേരളത്തിലെ ഭൂരിപക്ഷം പേരും കണ്ടു. കേരളത്തിലെ സമ്പന്നരായ സവർണ്ണർക്ക് കരം ഏർപ്പെടുത്തി. നായർ, ക്ഷത്രിയർ, ബ്രാഹ്മണർ അവരുടെ പുതിയ നികുതിയിൽ കോപിഷ്ഠരായതുമൂലം കേരളത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ചു. ഇക്കൂട്ടർ വലിയ നുണപ്രചരണയും വർഗ്ഗീയ വിഷവും കുത്തിവെച്ചു.

1. ഒരു വെള്ളക്കാരൻ നമ്മുടെ രാജ്യത്ത് വന്ന് നമ്മുടെ പരമ്പരാഗത വിശ്വാസങ്ങൾ തകിടം മറിക്കുന്നു.
2. ഒരു ക്രിസ്ത്യാനിയായ മൺറോ നമ്മുടെ നമ്മുടെ മതത്തെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നു.
3. ഒരു വിദേശി, നമ്മുടെ മേൽ അവന്റെ മേൽക്കോയ്മ നടത്തുന്നു. ഈ പ്രചരണം മൂലം കേരളത്തിലെ മാത്രമല്ല ഇന്ത്യയിലും ഇതേമാതിരി പ്രചരണങ്ങൾ നടത്തുന്നു. ഫലം എന്തായി. ഇന്ന് ഇന്ത്യക്കാർക്ക്, വിശിഷ്യ മലയാളികളിൽ ഭൂരിപക്ഷം പേർക്കും വെള്ളക്കാരോട് ഒരു എതിർപ്പുണ്ട്. ബോംബെയിൽ ഈയിടെ പാകിസ്ഥാൻ ഭീകരർ നടത്തിയ അക്രമത്തിൽ ആദ്യമായി അന്വേഷിച്ചത് അമേരിക്കയിലെയും ഇംഗ്ലണ്ടിലേയും വെള്ളക്കാരെയായിരുന്നു. 1812-ൽ കേരളത്തിൽ അടിമ കച്ചവടം നിർത്തൽ ചെയ്യാൻ മൺറോക്ക് സാധിച്ചു.

കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിലെ അനാചാരങ്ങൾ അദ്ദേഹം ഇടപെട്ട് മാറ്റി. ബൈബിൾ മലയാളത്തിൽ അച്ചടിക്കുവാൻ പ്രോത്സാഹനങ്ങൾ അദ്ദേഹം നൽകി. ക്രൈസ്തവർക്ക് പഠിക്കുവാൻ പ്രത്യേകം സാഹചര്യങ്ങൾ സൃഷ്ടിച്ചു. ക്രിസ്ത്യാനികൾക്ക് സർക്കാർ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അനുമതിയുടെ വിളംബരം റാണി പ്രഖ്യാപിച്ചു. എല്ലാ കോടതികളിലും ഓരോ ക്രിസ്ത്യൻ ജഡ്ജിയെ മൺറോ നിയമിച്ചു. സവർണ്ണർ ക്രിസ്ത്യാനികളെ കൊണ്ട് അമ്പലത്തിലും മറ്റു ചെയ്യിപ്പിച്ചിരുന്ന നിർബന്ധജോലികൾ മൺറോ നിർത്തിയതുമൂലം ക്രിസ്ത്യാനികൾക്ക് കൂടുതൽ മാനം സമൂഹത്തിൽ ലഭിച്ചു. 1815 ഡിസംബർ 12-ന് ക്രിസ്ത്യാനികളുടെ ഊഴിയവേല നിർത്തൽ ചെയ്തുകൊണ്ടുള്ള വിളംബരം പുറപ്പെടുവിച്ചു.

ഞായറാഴ്ച ദിവസം അവധിയായി അദ്ദേഹം പ്രഖ്യാപിച്ചു. ക്രിസ്ത്യാനികളുടെ ആൾക്കരം അഥവാ തലക്കരം നിർത്തലാക്കി. ഉത്സവങ്ങൾക്കും ക്ഷേത്രങ്ങൾക്കും ക്രിസ്ത്യാനികൾ നിർബന്ധമായി നൽകേണ്ടിയിരുന്ന സംഭാവനകളും നിർത്തലാക്കി. ഉത്സവങ്ങൾക്കും ക്ഷേത്രങ്ങൾക്കും ക്രിസ്ത്യാനികൾ നിർബന്ധമായി നൽകേണ്ടിയിരുന്ന സംഭാവനകളും നിർത്തലാക്കി. 1817-ൽ ശൂദ്രർ, ഈഴവർ, ചാന്നാർ, മരയ്ക്കാർ മുതലായ ജാതികൾക്ക് ആഭരണം ധരിക്കുന്നതിനുള്ള നിയന്ത്രണം എടുത്തു കളഞ്ഞു. 1817-ൽ ശൂദ്രർ, ഈഴവർ, ചാന്നാൻ, മരയ്ക്കാർ മുതലായ ജാതികൾക്ക് ആഭരണം ധരിക്കുന്നതിനുള്ള നിയന്ത്രണം എടുത്തുകളഞ്ഞു. 1817-ൽ എല്ലാവർക്കും ഭവനം ഓട് മേയുന്നതിനുള്ള സ്വാതന്ത്ര്യം നൽകി.

മൺറോയെപ്പോലെ ഒരു സാമൂഹിക പരിഷ്കർത്താവ് അദ്ദേഹത്തിനു മുമ്പോ അദ്ദേഹത്തിനുശേഷമോ കേരളത്തിൽ ജീവിച്ചിരുന്നിട്ടില്ല. കച്ചവട സ്വാതന്ത്ര്യം എല്ലാവർക്കും നൽകിക്കൊണ്ട് 1818-ൽ റാണി പാർവ്വതീഭായി ഉത്തരവ് പുറപ്പെടുവിച്ചു. ഏഴജാതികളിൽ നിന്ന് പിരിച്ചിരുന്ന നികുതികൾ നിർത്തിയെങ്കിലും വരുമാനം വർദ്ധിച്ച് ഖജനാവ് നിറഞ്ഞു. ജാതിയുടെ അടിസ്ഥാനത്തിൽ ഹിന്ദമത അന്ധവിശ്വാസത്തിൽ അടിയുറച്ച നിശ്ചല സമൂഹത്തെ ദുരാചാരങ്ങൾ മാറ്റി, ചലനാത്മകമായ ഒരു സമൂഹത്തെ അദ്ദേഹം സൃഷ്ടിച്ചു. കേരളത്തിലെ നീതിന്യായം, കോടതികൾ, വിദ്യാഭ്യാസം, ധനപരം മുതലായ എല്ലാപുരോഗമനത്തിനും കാരണം ഈ മഹാനായിരുന്നു. അദ്ദേഹം ചെയ്ത സേവനങ്ങൾ നന്ദിയോടെ ഈ സമയം നമുക്ക് ഓർക്കാം.

## റോക്‌ലാന്റിലെ പിരിച്ചുവിടലിനെതിരെ മലയാളി നേതൃത്വം

മൊയ്തീൻ പുത്തൻചിറയിൽ

**ന്യൂയോർക്ക് :** റോക്‌ലാന്റ് കൗണ്ടിയിൽ നിന്നും 544 ജീവനക്കാരെ പിരിച്ചു വിടുന്ന സർക്കാരിന്റെ തീരുമാനത്തിനെതിരെ പൊരുതാൻ മലയാളി നേതൃത്വം കൊടുക്കുന്നു. റോക്‌ലാന്റ് കൗണ്ടിയിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ സിവിൽ സർവ്വീസ് എംപ്ലോയീസ്.

അസോസ്സിയേഷൻ പ്രസിഡന്റ് പി.ടി. തോമസ്സാണ് സർക്കാരിനെതിരായി മുന്നോട്ടിറങ്ങിയിരിക്കുന്നത്. റോക്‌ലാന്റ് കൗണ്ടിയുടെ അധീനതയിലുള്ള സമ്മിറ്റ് പാർക്ക് ആശുപത്രിയും അതിനോടനുബന്ധിച്ച സേവനങ്ങളും ആഗസ്റ്റ് മുതൽ നിർത്തലാക്കുന്നതിനും, ആസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 544 ജീവനക്കാരെ പിരിച്ചുവിടാനുമാണ് കൗണ്ടി എക്സിക്യൂട്ടീവ് സിസ്കോട്ട് വാണ്ടർഹോഷ് 2012-ലെ ബജറ്റ് അവതരണത്തിലൂടെ പ്രഖ്യാപിച്ചത്.



ആശുപത്രിയും അതിനോടനുബന്ധിച്ച സേവനങ്ങളും കൗണ്ടിക്ക് 19 മില്ല്യൻ ഡോളർ നഷ്ടം വരുത്തുന്നു എന്നാണ് കൗണ്ടി എക്സിക്യൂട്ടീവ് അവകാശപ്പെടുന്നത്. കഴിഞ്ഞ വർഷം തന്റെ ബജറ്റ് അവതരണത്തിലൂടെ ഈ സേവനങ്ങൾ ഒരു പൊതുമേഖലയിലുള്ള കോർപ്പറേഷന്റെ കീഴിലാക്കുന്നതിന് കൗണ്ടി എക്സിക്യൂട്ടീവ് പദ്ധതി ഒരുക്കിയിരുന്നു. എന്നാൽ അതിനെതിരായി പി.ടി. തോമസിന്റെ നേതൃത്വത്തിൽ യൂണിയൻ മുന്നോട്ട് വന്നതിനാൽ കൗണ്ടി ലജിസ്ലേറ്ററിൽ പ്രസ്തുത പദ്ധതി പരാജയപ്പെടുകയായിരുന്നു. കൗണ്ടി എക്സിക്യൂട്ടീവിന്റെ ആ പരാജയം യൂണിയന്റെ വിജയമായി പത്രമാധ്യമങ്ങൾഢ കണക്കാക്കിയിരുന്നു.



# മനസ്സ് എന്ന കത്തീഡ്രൽ!

**ഈശോ ജേക്കബ്ബ്, ഹ്യൂസ്റ്റൺ**

**ആറടി ഉയരമുള്ള മനുഷ്യൻ നൂറ് അടി ഉയരത്തിൽ കത്തീഡ്രൽ വിഭാവന ചെയ്തതും ആദ്യമായി പണിതുയർത്തിയ മനുഷ്യ പ്രയത്നത്തിന്റെ ഇതിഹാസം തന്നെ. കൂട്ടായ യത്നത്തിലൂടെ അസാധ്യതകളെ സാദ്ധ്യതകളാക്കാമെന്ന് കത്തീഡ്രൽ നിർമ്മാണം നമ്മെ പഠിപ്പിക്കുന്നു.**

അമേരിക്കൻ മലയാളികളുടെ അമേരിക്കയിലെ നേട്ടങ്ങളിൽ ഒന്നാണ് ഷിക്കാഗോയിൽ അടുത്തകാലത്ത് പടുത്തുയർത്തിയ സെന്റ് തോമസ് കത്തീഡ്രൽ.

ആകാശങ്ങളിലിരിക്കും നമ്മുടെ അനശ്വരനായ പിതാവിനോട് അടുത്തബന്ധം പുലർത്തുവാനും വിശ്വാസികൾക്ക് വീര്യവും വിശാലതയും നേടുകയെന്ന ലക്ഷ്യമാണ് കത്തീഡ്രൽ നിർമ്മാണത്തിനു പിന്നിലുള്ളത്.

“കത്തീഡ്ര” (Catherdra) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് കത്തീഡ്രൽ എന്ന വാക്കുണ്ടായത്. “കത്തീഡ്ര” എന്നാൽ ഇരിപ്പിടം എന്നാണ് അർത്ഥം.

ദൈവത്തിന്റെ ഇരിപ്പിടം ബിഷപ്പിന്റെ ആസ്ഥാനം എന്നതെല്ലാം കത്തീഡ്രലുമായി ബന്ധപ്പെട്ടിരിക്കുന്നു. എ.ഡി. 10 മുതൽ 15 ശതകം വരെയുള്ള കാലഘട്ടങ്ങളിലാണ് ലോക പ്രസിദ്ധങ്ങളായ കത്തീഡ്രലുകൾ യൂറോപ്പിലുടനീളം പണിതുയർത്തിയത്.

കുരിശിന്റെ മാതൃകയിലാണ് എല്ലാ കത്തീഡ്രലുകളുടെയും അടിത്തറ നിർമ്മിച്ചിരിക്കുന്നത്. അതിൽ നിന്നാണ് ആകാശം മുട്ടെയുള്ള ആർച്ചുകൾ ചേർത്ത് മുഖവാരം നിർമ്മിക്കുന്നത്. കുരിശിൽ അടിസ്ഥാനമിടുന്ന വിശ്വജീവിതം സ്വർഗ്ഗം വരെ എത്തുന്നതിന്റെ പ്രതീതി ഇതിൽ വ്യക്തമാകുന്നു.

പകൽ മുഴുവൻ സൂര്യപ്രകാശം മനോഹര വാതായനങ്ങളിലൂടെ അരിച്ചിറങ്ങി അതിവിശാലമായ ആരാധനാസ്ഥലത്തെ പ്രകാശപൂരിതവും സൗന്ദര്യ സമ്പൂർണ്ണവുമാക്കുംവിധം കിഴക്കു പടിഞ്ഞാറായാണ് കത്തീഡ്രലുകൾ നിർമ്മിക്കുക. പ്രകാശത്തിനു നേരെ ജനാലകൾ ഉണ്ടായിരിക്കണം. അന്ധകാര നിവാരണത്തിന് എന്നു ധ്വനി.

ആറടി ഉയരമുള്ള മനുഷ്യൻ നൂറ് അടി ഉയരത്തിൽ കത്തീഡ്രൽ വിഭാവന ചെയ്തതും ആദ്യമായി പണിതുയർത്തിയ മനുഷ്യ പ്രയത്നത്തിന്റെ ഇതിഹാസം തന്നെ. കൂട്ടായ യത്നത്തിലൂടെ അസാധ്യതകളെ സാദ്ധ്യതകളാക്കാമെന്ന് കത്തീഡ്രൽ നിർമ്മാണം നമ്മെ പഠിപ്പിക്കുന്നു.

സാധാരണ ജനങ്ങൾക്കു വായിച്ചു മനസ്സിലാക്കുവാൻ ബൈബിൾ ലഭ്യമല്ലായിരുന്ന കാലഘട്ടത്തിലാണ് കത്തീഡ്രലുകൾ നിർമ്മിച്ചുതുടങ്ങിയതെന്നോർക്കുക. ബൈബിൾ കഥകളും സങ്കല്പങ്ങളും വിശ്വാസി സമൂഹത്തിന് കണ്ടു മനസ്സിലാക്കത്തക്ക നിലയിൽ പ്രതിമകളും ചിത്രപ്പണികളും അകത്തളങ്ങളെ അസാധാരണ ദൃശ്യമാധ്യമങ്ങളാക്കിയിരുന്നു.

കാലാന്തരത്തിൽ ബൈബിൾ കഥാപാത്രങ്ങളോടുള്ള ബഹുമാനം അഥവാ ആദരവ് (adoration) ആരാധനയായി പരിണമിച്ചു. ദൈവത്തെ മാത്രം ആരാധിക്കുകയെന്ന പഴയ സങ്കല്പം കാലഹരണപ്പെട്ടുപോലും.

സഭയുടെ വളർച്ചയ്ക്കും നിലനില്പിനും വലിയ ആരാധന മന്ദിരങ്ങൾ വമ്പിച്ച സംഭാവന നൽകുന്നു. അവ നിർമ്മിക്കുവാൻ വിഭാവനം, ധനസമാഹരണം, ശില്പവിദ്യ, നിർമ്മിതി, അലങ്കാരം, അനാവരണം എന്നിവയ്ക്കെല്ലാം കഠിനാധ്വാനം ചെയ്തവരെ നാം മനസ്സറിഞ്ഞഭിനന്ദിക്കണം.

അതേസമയം നാം മറന്നുപോകരുതാത്ത ചില തത്വങ്ങൾ ദേവാലയ നിർമ്മിതിയിൽ അന്തർലീനമായിരിക്കുന്നു.

പ്രസിദ്ധമായ വാഷിംഗ്ടൺ കത്തീഡ്രൽ പണി പുരോഗമിക്കുന്നതിനിടയിൽ ഒരു പത്രപ്രവർത്തകൻ പണിക്കാരിൽ പലരേയും സമീപിച്ച് നിങ്ങൾ എന്തെടുക്കുന്നു എന്നു ചോദിച്ചപ്പോൾ അവർ ഓരോരുത്തരും ചെയ്യുന്ന പണികളും അതിന്റെ പ്രാധാന്യവും ബുദ്ധിമുട്ടുകളും വിശദീകരിച്ചു. തച്ചന്മാർ തച്ചുപണിയെപ്പറ്റിയും, കൽപ്പണിക്കാർ കല്ലുപണിയെപ്പറ്റിയും, ശില്പികൾ ചിത്രപണികളെയുംപ്പറ്റി പറഞ്ഞു കേൾപ്പിച്ചു.

എന്നാൽ നൂറുകണക്കിന് പണിക്കാർക്കിടയിലൂടെ പണിയൊന്നും ചെയ്യാതെ നടന്നു നീങ്ങിയിരുന്ന ഒരാളിനോട് എന്തെടുക്കുന്നു എന്നു ചോദിച്ചപ്പോൾ “കത്തീഡ്രൽ പണിയുകയാണ്” എന്നു പറഞ്ഞു. എല്ലാവരുടെയും എല്ലാപണികളേയും “കത്തീഡ്രൽ പണി” എന്ന വാക്കിൽ സമാഹരിച്ചയാൾ അതിന്റെ ആർക്കിടെക്ടറായിരുന്നു.

എല്ലാ പ്രയത്നത്തിന്റെയും അത്യന്തിക ഫലം ദൈവാരാധനയും മനുഷ്യ സേവനവും കാണുന്നു എന്നത് നാം മറക്കാതിരിക്കുക.

അതിമനോഹരവും അതിവിശാലവുമായ ദൈവാലയം പൂർത്തിയാക്കുന്ന സുദിനത്തിൽ ഒരു ചോദ്യം അവശേഷിക്കുന്നു., ‘മനസ്സിലെ ദേവാലത്തിന്റെ പണി എന്തായി?’

“ശലോമോൻ ദൈവത്തിന് ഒരു ആലയം പണിതു. അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല താനും” എന്നു ബൈബിൾ പറയുന്നു.

ആരാധനാലയത്തിലെ ആരാധകരുടെ ഹൃദയമല്ലേ സാക്ഷാൽ കത്തീഡ്രൽ? അതിന്റെ പണി എന്നു പൂർത്തിയാകും?

# ഫോമയുടെ കേരള കൺവൻഷൻ കോട്ടയം ഒരുങ്ങുന്നു

**ജോയിച്ചൻ പുതുക്കുളം**




**കോട്ടയം :** നോർത്ത് അമേരിക്കയിലെ കേരളീയരുടെ സംഘചേതനയുടെ പ്രതീകമായ ഫെഡറേഷൻ ഓഫ് മലയാളി അസോസ്സിയേഷൻസ് ഓഫ് അമേരിക്ക (ഫോമ)യുടെ ‘കേരള കൺവൻഷൻ 2012’-ന് അക്ഷര നഗരിയായ കോട്ടയം ഒരുങ്ങുന്നു.

കോട്ടയത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന മാമ്മൻ മാപ്പിള ഹാളിലാണ് ഫോമയുടെ കേരളാ കൺവൻഷൻ അരങ്ങേറുന്നത്. ജനുവരി 14-ന് രാവിലെ 10 മണിക്ക് ആരംഭിക്കുന്ന ഏകദിന കൺവൻഷൻ രാത്രി 11 മണിവരെ നീണ്ടുനിൽക്കും. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി.മാർ, സാംസ്ക്കാരിക-സാമൂഹിക നേതാക്കൾ തുടങ്ങി ജീവതത്തിന്റെ നാനാതുറകളിലെ പ്രശസ്തരെ കൺവൻഷനിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നുവെന്ന് ഫോമ പ്രസിഡന്റ് ജോൺ ഊരാളിൽ അറിയിച്ചു.

രാവിലെ 10 മണിക്ക് ഉദ്ഘാടന സമ്മേളനം 11.30-ന് ബ്രിഡ്ജിംഗ് ഓഫ് ദി മൈൻഡ്സ് സെമിനാർ, 3 മണിക്ക് മലയാളത്തിൻ ഒരു പിടി ഡോളർ സ്കോർഷിപ്പ് വിതരണം, 5 മണിക്ക് പൊതുസമ്മേളനം, 7 മണിക്ക് ബാങ്കറ്റ് ഡിന്നർ, 8 മണിക്ക് കൾച്ചറൽ പ്രോഗ്രാം ഇവയാണ് ഏകദിന കൺവൻഷന്റെ ഏകദേശ അജണ്ട യെന്ന് ഫോമാ വൈസ് പ്രസിഡന്റും കേരളാ കൺവൻഷൻ ചെയർമാനുമായ സ്റ്റാൻലി കളരിക്കമുറി അറിയിച്ചു. മുത്തൂറ്റ് ഗ്രൂപ്പുമായി ചേർന്ന് മുത്തൂറ്റ് ഹോസ്പിറ്റലിന്റെ സഹായത്തോടെ പത്തനംതിട്ടയിൽ ഏകദിന മെഡിക്കൽ ക്യാമ്പ് നടത്താനും ഫോമ ശ്രമിക്കുന്നുവെന്ന് ഫോമാ ജോയിന്റ് സെക്രട്ടറി ആനന്ദൻ നിരവേൽ അറിയിച്ചു.

മുൻ അംബാസിഡറും കേരളാ ഇന്റർ നാഷണൽ സെന്ററിന്റെ ഡയറക്ടർ ജനറലുമായ ടി.പി. ശ്രീനിവാസനാണ് ബ്രിഡ്ജിംഗ് ഓഫ് ദി മൈൻഡ്സ് എന്ന സെമിനാറിന് നേതൃത്വം നൽകുന്നതെന്ന് ഫോമ ജനറൽ സെക്രട്ടറി ബിനോയി തോമസ് അറിയിച്ചു. മലയാള മനോരമയുമായി ചേർന്നാണ് മലയാളത്തിന് ഒരു പിടി ഡോളർ സ്കോളർഷിപ്പ് വിതരണം നടത്തുന്നതെന്ന് അഡ്വൈവസറി കൗൺസിൽ ചെയർമാനും മലയാളത്തിന് ഒരുപിടി ഡോളർ പദ്ധതിയുടെ ചെയർമാനുമായ രാജു വർഗ്ഗീസ് അറിയിച്ചു. സിനിമാരംഗത്തെ പ്രമുഖരുടെ സാന്നിദ്ധ്യം 14-ന് നടക്കുന്ന കൾച്ചറൽ പ്രോഗ്രാമിൽ ഉണ്ടാകുമെന്ന് ഫോമാ ട്രഷറർ ഷാജി എഡ്വേർഡ് അറിയിച്ചു. ജനുവരി 15-ന് അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമെത്തുന്ന ഫോമാ പ്രതിനിധികൾക്കുവേണ്ടി ഹൗസ് ബോട്ടിൽ ഉല്ലാസയാത്രയും പ്ലാൻ ചെയ്തിട്ടുണ്ടെന്ന് ഫോമാ ട്രഷറർ ഷാജി എഡ്വേർഡ് അറിയിച്ചു. റിട്ടയർ ചെയ്ത് കേരളത്തിൽ താമസിക്കുന്ന മലയാളികളേയും, അവധിക്കാലത്ത് കേരളത്തിലെത്തുന്ന നോർത്ത് അമേരിക്കൻ കേരളീയരേയും ഫോമ കേരള കൺവൻഷനിലേക്ക് സ്വാഗതം ചെയ്യുന്നതായി ഫോമാ നേതൃത്വം അറിയിച്ചു.

## നൈജീരിയിൽ.....

➡ 1

കേവലം 50 പേരാണ് ആരാധനയ്ക്കു വന്നത്. ഭയം കാരണം അവർക്കും വളരെ സമയം ചർച്ചിൽ തുടരാൻ സാധിച്ചില്ല. കേവലം 15 മിനിറ്റ് മാത്രം അവിടെനിന്ന് പ്രാർത്ഥിച്ച് അവർ കടന്നുപോയി. എല്ലാ ചർച്ചുകളിലും ഇതാണ് നടക്കുന്നത്.

ക്രിസ്ത്യാനികളോടുള്ള ക്രൂരത നൈജീരിയയിൽ വർദ്ധിച്ചുവരികയാണ്. ശക്തി നഷ്ടപ്പെട്ട ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. എന്താണ് ഇതിനൊരു പരിഹാരം? ലോക മെമ്പാടുമുള്ള ദൈവമക്കൾ നൈജീരിയയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. ദൈവത്താൽ കഴിയാത്ത ഒരു കാര്യവുമില്ല.

# വൈ.പി.ഇ. കേരള സ്റ്റേറ്റ് ക്യാമ്പ് മുളക്കുഴയിൽ

**മുളക്കുഴ :** ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരളാ സ്റ്റേറ്റ് വൈ.പി.ഇ. സംസ്ഥാന ക്യാമ്പ് മുളക്കുഴ മൗണ്ട് സിയോൻ ആർ.എഫ്.കുക്ക് കൺവൻഷൻ സെന്ററിൽ വച്ച് ഡിസംബർ 27–29 തീയതികളിൽ നടക്കും. ക്യാമ്പിന്റെ വിജയകരമായ നടപ്പിനായി വിപുലമായ ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞു എന്ന് ജനറൽ കൺവീനർ ബ്രദർ ജോസഫ് മറ്റത്തുകാല അറിയിച്ചു. 27-ന് വൈ.പി.ഇ. സംസ്ഥാന സെക്രട്ടറി ബ്രദർ അജി കുളങ്ങരയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വൈ.പി.ഇ. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ വൈ. റെജി ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിക്കും. ക്യാമ്പിൽ സിമ്പോസിയം, കൗൺസിലിംഗ് ക്ലാസ്സുകൾ, പ്രെയ്സ് ആന്റ് വർഷിപ്പ്, ധ്യാന പ്രസംഗങ്ങൾ, ചർച്ചകൾ, വിവിധ കലാ മത്സരങ്ങൾ തുടങ്ങി യുവജനങ്ങളുടെ




വൈ. റെജി    അജി കുളങ്ങര

ആത്മീയ വർദ്ധനവിനായുള്ള വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള വൈ.പി.ഇ. പ്രവർത്തകരുടെയും ഭാരവാഹികളുടെയും വമ്പിച്ച ആത്മീയ സംഗമം ആയിരിക്കും ഇത്. വിവിധ സെക്ഷനുകളിൽ റവ. എം. കുഞ്ഞപ്പി (സ്റ്റേറ്റ് ഓവർസിയർ). വൈ. റെജി, കെ.ഒ. മാത്യു, പി.ആർ. ബേബി, ജോൺ തോമസ് തുടങ്ങിയ പ്രഗത്ഭന്മാരായ ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും.

# അഭിഭാഷകനായ വൈദീകൻ ന്യൂജേഴ്സിയിൽ

**ജോയിച്ചൻ പുതുക്കുളം**



**ന്യൂജേഴ്സി :** വൈദീക പഠനത്തിനുശേഷം വക്കീൽ ബിരുദം നേടിയ ഇന്ത്യയിലെ ആദ്യത്തെ വൈദീകൻ അഡ്വ. റവ. ഫാ. പി.ഡി. മാത്യു പുതുക്കുളം എസ്.ജെ. (ഈശോ സഭ) ന്യൂജേഴ്സിയിലെ ഈസ്റ്റ് മിൽസ്റ്റോൺ സെന്റ് തോമസ് സീറോ മലബാർ പള്ളിയിൽ ഡിസംബർ 4 ഞായറാഴ്ച രാവിലെ 9.30-ന് വി. കുർബ്ബാന അർപ്പിക്കുന്നു. ഗുജറാത്ത് യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്. ഡബ്ല്യു, എൽ.എൽ.ബി. ഗോൾഡ് മെഡലോടുകൂടി പാസ്സായി. ഗുജറാത്ത് ഹൈക്കോടതിയിലും പിന്നീട് ഇന്ത്യയുടെ പരമോന്നത പീഠമായ സുപ്രീം കോടതിയിലും കഴിഞ്ഞ 30 വർഷത്തിലധികമായി പീഡിതരും, ചൂഷിതരുമായ അവശ സമൂഹത്തിനുവേണ്ടി സന്ധിയില്ലാ സമരം നടത്തിവരുകയാണ്. ജാതി-മത ഭേദമെന്യേ ലക്ഷകണക്കിന് പാവങ്ങളുടെ കണ്ണീരൊപ്പുവാൻ കോടതിയിലൂടെയും മറ്റ് ഗവൺമെന്റ് ഏജൻസികളുടെയും ഇതുവരെ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഇപ്പോഴും അതേ സേവനങ്ങൾ തുടരുന്നു. പത്രപ്രവർത്തകനായ ജോയിച്ചൻ പുതക്കുളത്തിന്റെ സഹോദരനാണ് ഫാ. പി.ഡി. മാത്യു എസ്.ജെ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 847 345 0233 ജോയിച്ചൻ പുതുക്കുളം.

ബാബു തോമസ്,
ഒക്കലഹോമ



# സമയമായില്ല രാഹുൽ



രാഹുൽ ഗാന്ധി അധികം താമസിയാതെ സോണിയാ ഗാന്ധിക്കുപകരം കോൺഗ്രസ് പ്രസിഡന്റാവുമെന്നുള്ള വാർത്ത മാദ്ധ്യമങ്ങളിൽ ശക്തമായിക്കൊണ്ടിരിക്കുകയാണ്. സോണിയയുടെ ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള ഊഹാപോഹങ്ങളാണ് ഇതിനു പിന്നിൽ. അതല്ല, അദ്ദേഹം മൻമോഹൻ സിങ്ങിനു പകരം പ്രധാനമന്ത്രിയാകുമെന്ന് പ്രചരിപ്പിക്കുന്നവരുമുണ്ട്. കോൺഗ്രസ്സ് പാർട്ടിയിൽ യാതൊരു മുറുമുറുപ്പും കൂടാതെ രാഹുലിന് ഇതിൽ ഏതു സ്ഥാനവും അല്ലെങ്കിൽ രണ്ടും കൂടിയുമോ എപ്പോൾ വേണമെങ്കിലും സ്വീകരിക്കാവുന്നതേയുള്ളൂ. പക്ഷെ, രാഹുൽ താങ്കളെ സ്നേഹിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ ഞാൻ പറയട്ടെ:-കോൺഗ്രസ്സ് പോലെയുള്ള ഒരു പാർട്ടിയുടെ പ്രസിഡന്റാവാനോ ഇന്ത്യപോലുള്ള ഒരു രാജ്യത്തിന്റെ പ്രധാനമന്ത്രിയാവാനോ താങ്കൾക്ക് ഇനിയും സമയമായിട്ടില്ല.

മാതാവ് ഇന്ദിരാജിയുടെ ആകസ്മികമായ രക്തസാക്ഷിത്വത്തെ തുടർന്ന് താങ്കളുടെ പിതാവ് രാജീവ് ഗാന്ധി പൊടുന്നനേ പ്രധാനമന്ത്രിയാവുകയായിരുന്നു. ആദ്യതവണ പ്രധാനമന്ത്രിയായപ്പോൾ അദ്ദേഹം ഒരു വിജയമായിരുന്നില്ല. പ്രധാനകാരണം, മന്ത്രിസഭയിൽ പ്രവർത്തിച്ചുള്ള പരിചയക്കുറവുതന്നെ. കൊച്ചുകുട്ടികൾ കളിച്ചു മടുക്കുമ്പോൾ ഒരു കളിപ്പാട്ടം മാറ്റി മറ്റൊന്ന് എടുക്കുന്നതുപോലെ അദ്ദേഹം കൂടെകൂടെ മന്ത്രിമാരെ മാറ്റുന്നുവെന്ന് അന്ന് പരിസാഹമുണ്ടായിരുന്നത്. അക്കാലത്ത് പഠനവുമായി വിദേശത്തായിരുന്ന താങ്കൾ അറിഞ്ഞിരിക്കാൻ ഇടയില്ല. എന്നാൽ ജവഹർലാൽ നെഹ്രുവിന്റെ മന്ത്രിസഭയിൽ അംഗമായിരുന്ന പരിചയസമ്പത്തുമായി അദ്ദേഹത്തിന്റെ പിൻഗാമിയായ താങ്ങളുടെ മുത്തശ്ശി ഇന്ദിരാ ഗാന്ധി കഴിവുറ്റ ഒരു പ്രധാനമന്ത്രിയെന്ന പേര് സമ്പാദിച്ചു.

ഞങ്ങളുടെ കേരളത്തിൽ ഏറ്റവും ആദരവാന്മാരായ രണ്ട് നേതാക്കന്മാരുണ്ട്. എ.കെ. ആന്റണിയും വി.എസ്. അച്യുതാനന്ദനും. ഒരു പഞ്ചായത്ത് പ്രസിഡന്റായിപ്പോലും പ്രവർത്തിച്ച് പരിചയമില്ലാതെയാണ് ഇരുവരും മുഖ്യമന്ത്രിമാരായത്. സംസ്ഥാനം കണ്ട ഏറ്റവും മോശം മുഖ്യമന്ത്രി ഇവരിലാരായിരുന്നു എന്ന കാര്യത്തിൽ മാത്രമേ ഞങ്ങൾക്ക് ഇപ്പോൾ സംശയമുള്ളൂ. എന്നാൽ പല മന്ത്രി സഭകളിൽ പ്രവർത്തിച്ച പരിചയസമ്പത്തുമായി മുഖ്യമന്ത്രിസഭകളിൽ പ്രവർത്തിച്ച പരിചയസമ്പത്തുമായി മുഖ്യമന്ത്രിയായ ഉമ്മൻചാണ്ടിയാവട്ടെ, ഇന്ത്യയൊട്ടാകെ പേരെടുക്കുകയും ചെയ്യുന്നു.

കോൺഗ്രസ്സ് പ്രസിഡന്റ് പദത്തിന്റെ കാര്യത്തിലും ഈ തത്വം ബാധകമാണ്. ഭരണപരിചയമില്ലാതിരുന്ന എ.കെ. ആന്റണി മുഖ്യമന്ത്രിയെന്ന നിലയിൽ ഒരു വിജയമായിരുന്നു. കാരണം പാർട്ടിയുടെ വിവിധതലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള പരിചയ സമ്പത്ത് അദ്ദേഹത്തിനുണ്ടായിരുന്നുതന്നെ. വി.എസ്സിന്റെ കാര്യവും അങ്ങനെതന്നെ. പാർട്ടിയുടെ വിവിധ കീഴ്ഘടകങ്ങളിൽ പ്രവർത്തിച്ച അനുഭവസമ്പത്തുമായി സി.പി.എം. സംസ്ഥാന സെക്രട്ടറിയായ ആദ്ദേഹം ആ സ്ഥാനത്ത് നന്നായി ശോഭിച്ചു. എന്നാൽ ഇത്തരമൊരു പരിചയസമ്പത്തിന്റെ പിൻബലമില്ലാതെ ഡയറക്ടർ റിക്രൂട്ടായി ക്യാമ്പസിൽ നിന്നും പാർട്ടി നേതൃത്വത്തിലേയ്ക്ക് നേരിട്ടെത്തിയ പ്രകാശ് കാരാട്ട് സി.പി.എം. അഖിലേന്ത്യാ സെക്രട്ടറിയായി ദയനീയ പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് പ്രധാനമന്ത്രിയാകുന്നതിനുമുമ്പ് മന്ത്രിസഭയിൽ ഏതെങ്കിലും ഒരു വകുപ്പ് കൈകാര്യം ചെയ്തു രാഹുൽ അനുഭവസമ്പത്തു നേടണം. കോൺഗ്രസ് പാർട്ടിയുടെ പ്രസിഡന്റ് പദവി ഏറ്റെടുക്കുന്നതിനുമുമ്പ് അതിന്റെ കീഴ്ഘടകങ്ങളിൽ പ്രവർത്തിച്ചു പരിചയസമ്പത്തും നേടണം.

ഐ.എ.എസ്., ഐ.പി.എസ്. പരീക്ഷകളിൽ വിജയികളാവുന്ന ചെറുപ്പക്കാർ ചുരുങ്ങിയ പ്രായത്തിനുള്ളിൽ ജില്ലാഭരണം പോലെയുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതെങ്ങനെയാണ്? പരീക്ഷ പാസ്സാകുന്നതിന്റെ തൊട്ടടുത്ത ദിവസം അവർ ജില്ല ഭരിക്കാൻ ഇറങ്ങിത്തിരിക്കുകയല്ല, അതിനുമുമ്പ് വിവിധ വിഷയങ്ങളെക്കുറിച്ച് പ്രഗത്ഭർ നയിക്കുന്ന മാസങ്ങൾ നീണ്ടുനിൽക്കുന്ന ക്ലാസ് റൂം പരിശീലനമുണ്ട്. അതിനുശേഷം ഐ.എ.എസ്. ട്രെയിനികൾക്ക് അസിസ്റ്റന്റ് കളക്ടർ എന്ന പേരിൽ ഭരണത്തിന്റെ ഏറ്റവും താഴത്തെ പടിയായ വില്ലേജ് ഓഫീസ് മുതൽ പരിശീലനം തുടങ്ങുന്നു. പിന്നീട് ഒരു മാസം വില്ലേജ് ഓഫീസറുടെ സ്വതന്ത്ര ചുമതലയും അതിനുശേഷം ആർ.ഡി.ഒ. ഓഫീസിലെ പരിശീലനം. അതോടെ പ്രക്രിയ പൂർണ്ണമായി ഐ.എ.എസ്. ചിത്രശലഭം സബ്കളക്ടർ തസ്തിക മുതൽ പറന്നുയരുന്നു.

ഐ.എ.എസ്. പ്രൊബേഷണർമാർക്ക് പരിശീലനം തുടങ്ങുന്നത് വില്ലേജ് ഓഫീസിൽ നിന്നാണെങ്കിൽ ഐ.പി.എസ്. കാർക്ക് ജോയിന്റ് സൂപ്രണ്ട് എന്ന പേരിൽ പോലീസ് സ്റ്റേഷനുകളിൽ നിന്നാണ്. ഏറ്റവും താഴത്തെപട്ടികയിലുള്ള, പ്രതികളുടെ വാറണ്ടു നടപ്പാക്കൽ മുതൽ അവർക്ക് പരിശീലനം നൽകുന്നു. അസി. കളക്ടറോ, ജോയിന്റ് പോലീസ് സൂപ്രണ്ടോ പരിശീലനത്തിൽ വേണ്ടത്ര താൽപര്യം പ്രകടിപ്പിക്കാതിരുന്നാൽ, അവരെ പരിശീലിപ്പിക്കുന്ന വില്ലേജ് ഓഫീസറോ, എസ്.ഐ.-യോ മുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയെന്ന അവിവേകമൊന്നും കാണിക്കുകയില്ല. പക്ഷേ, ഈ പരിശീലനം അത്യന്തം ഗൗരവമായി കണക്കിലെടുത്തിട്ടുള്ളവർ മാത്രമേ മികച്ച ഉദ്യോഗസ്ഥന്മാരായിട്ടുള്ളൂവെന്ന് ബാബുപോളിനേയും മുൻ ഡി.ജി.പി. കൃഷ്ണൻ നായരെയും പോലുള്ള പ്രഗത്ഭന്മാരുടെ സർവ്വീസ് സ്റ്റോറികളിൽ അടിവരയിട്ടു പറയുന്നു.

ഇതുപോലെ രാഹുൽ ഗാന്ധിയും പാർട്ടിയുടെ ഏറ്റവും താഴത്തെ ഘടകമായ ഏതെങ്കിലും ഒരു ബൂത്ത് കമ്മിറ്റിയിൽ ഒരാഴ്ച ചെലവഴിക്കണം. പിന്നീട് അടുത്തപടിയായി മണ്ഡലം കമ്മിറ്റിയിൽ ഒരാഴ്ച. ഇതു രണ്ടും കഴിയുമ്പോൾ കോൺഗ്രസ്സിന്റെ കാഴ്ഘടകങ്ങൾ എത്രത്തോളം നിർജ്ജീവമാണെന്ന് താങ്കൾക്ക് മനസ്സിലാകും. ആ ഒരു തിരിച്ചറിവ് മാത്രം മതി താങ്കൾക്ക് നല്ല പാർട്ടി അദ്ധ്യക്ഷനാവാൻ. പിന്നെ ഡി.സി.സി. ഓഫീസിൽ ഒരു മാസം. അപ്പോൾ പാർട്ടി നേതാക്കന്മാർക്ക് എത്രത്തോളം ഒരുമയുണ്ടെന്നും മനസ്സിലാവും.

നിലവിൽ രാഹുൽ കോൺഗ്രസ്സിന്റെ അഖിലേന്ത്യ സെക്രട്ടറിമാരിൽ ഒരാളാണെന്നുള്ളത് സമ്മതിക്കുന്നു. എന്നാൽ പരിചയ സമ്പന്നനായ ഏതെങ്കിലും ഒരു നേതാവിൽ നിന്നും പരിശീലനം കിട്ടാത്തതിന്റെ ന്യൂനതകൾ താങ്കൾക്കുണ്ട്. അതായത് താങ്കൾക്ക് പിഴവ് സംഭവിച്ചിട്ടുള്ളപ്പോൾ ചൂണ്ടിക്കാട്ടി ആരെങ്കിലും അതു തിരുത്തിതന്നിട്ടുണ്ടോ? ഇല്ല. അതുകൊണ്ടാണ് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥികൾ പ്രചരണം തുടങ്ങി രണ്ടാഴ്ച കഴിഞ്ഞപ്പോൾ, മണ്ഡലത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത ആളുകളെ കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി ഡൽഹിയിൽ നിന്നും നൂലിൽ കെട്ടിയിറക്കിയത്. അവർ മണ്ഡലത്തിലെത്തിയപ്പോൾ പാർട്ടി ഓഫീസുകൾ പൂട്ടിയിട്ട് പ്രവർത്തകർ സ്ഥലം വിട്ടു. ഫലമോ വൻ ഭൂരിപക്ഷം പ്രതീക്ഷിച്ച യു.ഡി.എഫിന് നാണംകെട്ട വിജയം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. പാർട്ടിയുടെ കീഴ്ഘടകങ്ങളുമായി ബന്ധമുള്ള നേതാക്കന്മാരിൽ നിന്നും ഈ വിഢ്ഢിത്തമുണ്ടാവില്ല. അതുകൊണ്ട് പുതിയ ചുമതലകൾ ഏൽക്കുന്നതിനു മുമ്പ് മേൽപ്പറഞ്ഞതുപോലെയുള്ള ഒരു പരിശീലനത്തിന് രാഹുൽ അമാന്തിക്കരുത്.

എന്നാൽ ഇത്തരം ഒരു പരിശീലനമില്ലാതെതന്നെ എങ്ങനെ സോണിയ രണ്ടുതവണ പാർട്ടിയെ വിജയത്തിലേക്കു നയിച്ചു വെന്നുള്ളത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. പാശ്ചാത്യ സംസ്ക്കാരത്തിൽ വളർന്ന സോണിയ ഭർത്താവിന്റെ പ്രവർത്തന മേഖലകളിൽ ശ്രദ്ധിക്കുകയും അവയെക്കുറിച്ച് അദ്ദേഹവുമായി സംസാരിക്കുകയും ചെയ്തിട്ടുണ്ടാവണം. രാജീവിന്റെ വീഴ്ചകളും താഴ്ചകളും തീർച്ചയായും അവർക്ക് ഒരു പാഠമായിട്ടുണ്ടാവണം. ആ അനുഭവസമ്പത്താണ് സോണിയ്ക്കു മുതൽകൂട്ടായത്.

# സോമാലി മുസ്ലീം യുവാക്കൾ ക്രിസ്ത്യൻ യുവാവിനെ മാരകമായി പരിക്കേൽപ്പിച്ചു

**നെയ്റോബി കെനിയ :** കെനിയായിൽ താമസിക്കുന്ന ഒരു ക്രിസ്തീയ യുവാവിനെ സൊമാല്യക്കാരായ തന്റെ നാട്ടുകാർ ഇരുമ്പ് കമ്പിയും മറ്റ് മാരകായുധങ്ങളും ഉപയോഗിച്ച് മൃഗീയമായി തല്ലി അവശനിലയിലാക്കി. അവശനിലയിലായ യുവാവിനെ ഒരു ക്രിസ്തീയ ദൈവാലയത്തിന്റെ മുൻവശത്ത് ഉപേക്ഷിച്ച് നാട്ടുകാരായ സൊമാല്യക്കാർ രക്ഷപെട്ടു. 25 കാരനായ ഹസൻ സൊമാലിയായിൽ നിന്ന് കുടിയേറിപ്പാർക്കുന്ന ഒരു അഭയാർത്ഥിയാണ്. ഏഴാമത്തെ വയസ്സിൽ ക്രിസ്തുമതം സ്വീകരിച്ച ഹസ്സൻ ഇസ്ലാമിനെക്കുറിച്ച് വലിയ അറിവൊന്നുമില്ല. എന്നാൽ തന്റെ പരിസരത്ത് താമസിക്കുന്ന മറ്റ് സൊമാല്യൻ അഭയാർത്ഥികൾ കരുതിയിരുന്നത് ഹസൻ ഒരു മുസ്ലീം യുവാവ് ആണെന്നാണ്. എന്നാൽ ഹസൻ ഒരു ക്രിസ്ത്യാനി ആണെന്ന് അറിഞ്ഞപ്പോൾ അവർക്ക് അവനോടുള്ള പക വർദ്ധിച്ചു. മുസ്ലീം ആയി ജനിച്ചവൻ പിന്നീട് ഇസ്ലാമിനെ തള്ളിക്കളഞ്ഞ് ക്രിസ്തുമതം സ്വീകരിച്ചു എന്നു കരുതി ഹസനെ അവർ തല്ലി തകർത്ത് അവശനിലയിലാക്കി. രക്തം വാർന്ന് ഈ യുവാവ് മരണത്തോളം എത്തി. ഇസ്ലാമിനെ തള്ളിക്കളഞ്ഞ ഹസ്സൻ മരണയോഗ്യൻ എന്ന് അവന്റെ സൊമാല്യക്കാർ വിധിയെഴുതി. സൊമാലിയായിലെ കടുത്ത ആഭ്യന്തര യുദ്ധത്തിൽ നിന്ന് രക്ഷപെട്ട് ഹസനും തന്റെ മാതാവും 10 വർഷത്തിൽ മുമ്പാണ് കെനിയായിൽ കുടിയേറി പാർത്തത്. സൊമാല്യയിൽ വച്ച് ഹസന്റെ പിതാവ് മരിച്ചിരുന്നു. ഒരു ദിവസം രാത്രി 8.30-ന് കെനിയയിലുള്ള ഒരു പട്ടണത്തിൽപ്പോയി തിരികെ വീട്ടിലേക്ക് വരുന്ന സമയത്താണ് ആയുധവുമായി 6 മുസ്ലീം യുവാക്കൾ ഹസ്സനെ നെറ്റിക്ക് ഇരുമ്പ് കമ്പികൊണ്ട് അടിച്ചപ്പോൾ മറ്റവർ അവന്റെ പുറകുവശത്ത് തല്ലി. അവശനിലയിലായ ഹസ്സന്റെ രണ്ട് പല്ല് നഷ്ടപ്പെട്ടു. കത്തി ഉപയോഗിച്ച് ദേഹത്ത് പലയിടത്തും പരിക്ക് ഏൽപ്പിച്ചു. ചിലർ മൃഗീയമായി വയറ്റത്ത് ചവിട്ടി. രക്തം വാർന്ന ശരീരം വലിച്ചിഴച്ച് പ്രസ്ബിറ്റേറിയൻ ചർച്ച് ഓഫ് ഈസ്റ്റ് ആഫ്രിക്കയുടെ മുൻവശത്ത് ഉപേക്ഷിച്ചു. രാത്രിയിൽ ആതുവഴി വന്ന വഴിയാത്രക്കാരൻ ഹസനെ തിരിച്ചറിഞ്ഞു. അവർ ഹസന്റെ മാതാവിനെ വിവരം അറിയിച്ചു. ഹസന്റെ മാതാവ് പറയുന്നു:- എന്റെ കുഞ്ഞിന്റെ ശരീരം രക്തത്തിലും മണ്ണിലും കുഴഞ്ഞു കിടക്കുന്ന രംഗം കണ്ടുനിൽക്കാൻ എനിക്ക് ത്രാണിയാല്ലായിരുന്നു. ഞാൻ പെട്ടെന്ന് മോഹാലസ്യപ്പെട്ട് താഴെ വീണു. എത്ര സമയം ആ നിലയിൽ കിടന്നുവെന്ന് എനിക്കറിയില്ല. കണ്ണു തുറന്നപ്പോൾ പോലീസും നാട്ടുകാരും എന്റെ ചുറ്റും കൂടിയിരുന്നു. ഹസനെ പെട്ടെന്ന് അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വാർന്ന് പോയ രക്തത്തിനു പകരം രക്തം കൊടുത്തു. പോലീസ് രണ്ട് കുറ്റവാളികളെ കസ്റ്റഡിയിൽ എടുത്തു. ഹസന് കലശലായ വയറു വേദനയുണ്ട്. സ്പെഷ്യലിസ്റ്റിനെ കാണിക്കേണ്ടിയിരിക്കുന്നു. ഹസന്റെ സഹോദരങ്ങളായ 8 കുട്ടികൾ വീട്ടിലുണ്ട്. ഈ കുട്ടികളും വളരെ ഭയന്നാണ് കഴിയുന്നത്. സാമ്പത്തീക ക്ലേശം അനുഭവിക്കുന്ന ഈ കുടുംബത്തിൽ ഹസന്റെ തുടർന്നുള്ള ചികിത്സ വളരെ ഭാരമാണ്. ഹസൻ പറയുന്നു:- ഞങ്ങൾ ക്രിസ്ത്യാനികൾ ആയതിനാൽ ചുറ്റുപാടുമുള്ള എല്ലാ മുസ്ലീങ്ങളും ഞങ്ങളെ വെറുക്കുന്നു. ഞങ്ങൾ ആർക്കും ഒരു ദോഷവും ചെയ്യുന്നില്ല. ഹസനും മാതാവും മറ്റ് കുട്ടികളും തികഞ്ഞ ക്രിസ്തീയ വിശ്വാസത്തിലാണ്. ഏത് പ്രതികൂലത്തിലും അവർ ഉറച്ച് നിൽക്കുവാൻ തന്നെ തീരുമാനിച്ചു. ഹസന്റെ മാതാവ് പറയുന്നു:- എന്തെല്ലാം നഷ്ടപ്പെട്ടാലും എന്തു സംഭവിച്ചാലും ഞങ്ങളുടെ ക്രിസ്തീയ വിശ്വാസം നഷ്ടപ്പെടുത്തില്ല. ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു. കർത്താവ് ഞങ്ങളെ രക്ഷിക്കും. ഒരിക്കലും ഞാൻ ഇസ്ലാമിലേക്ക് തിരികെ പോകില്ല. വിശ്വാസത്തിനു വേണ്ടി ഉറച്ചുനിൽക്കുന്ന ഈ കുടുംബത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

## അറ്റ്ലാന്റയിൽ ക്രിസ്മസ് ആഘോഷവും ഗാനസന്ധ്യയും

**അറ്റ്ലാന്റാ:** യുണൈറ്റഡ് ക്രിസ്ത്യൻ ഫെല്ലോഷിപ്പ് ഓഫ് അറ്റ്ലാന്റായുടെ ആഭിമുഖ്യത്തിൽ ഡിസംബർ 18 ഞായറാഴ്ച വൈകുന്നേരം 5.30 മുതൽ ലോറൻസ്വിൽ റോക്ക്സ്പ്രിങ്ങ്സ് ചർച്ച് ഓഡിറ്റോറിയത്തിൽ (545 Rock Springs Road, Lawrenceville, G.A. 30043) ക്രിസ്മസ് ആഘോഷം സംഘടിപ്പിക്കുന്നു. കുട്ടികൾ അടങ്ങിയ കലാകാരന്മാരുടെയും കലാകാരികളുടെയും വിവിധ കലാപരിപാടികൾ അരങ്ങേറും. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദിവ്യ സന്ദേശവും ശാലോം വോയ്സും ക്രിസ്ത്യൻ കോറസും ചേർന്ന് അവതരിപ്പിക്കുന്ന ക്രിസ്തീയ ഗാനസന്ധ്യയും ഉണ്ടായിരിക്കും. ക്രിസ്തുമസ് കരോൾ സംഘത്തോടൊപ്പം ഗാനശുശ്രൂഷയിൽ അനുഗ്രഹീത ഗായകർ വിവിധ ഭാഷകളിൽ ഗാനങ്ങൾ ആലപിക്കും.

കൂടുതൽ വിവരങ്ങൾക്ക് :- സണ്ണി പരവനേത്ത് (678) 866-5336

# വീട് വിട്ട് ഇറങ്ങിയ പെൺകുട്ടി ചാരിത്ര്യം നഷ്ടപ്പെടുത്തി മടങ്ങിവന്നു

പാസ്റ്റർ കെ. ജോയി





**യാ**ക്കോബിന്റെ ജീവിതയാത്രയിലെ ഒരു ഇരുണ്ട അദ്ധ്യായം. ലോകത്തിന്റെ നിസ്സാരത്വത്തെയും ഗതിവിഗതികളെയും കുറിച്ച് മനസ്സിലാക്കുവാനും നാം ഈ ലോകത്തിൽ സുബോധമുള്ളവരായി വസിക്കുവാനും ഈ അദ്ധ്യായം പരിശുദ്ധാത്മാവ് രേഖപ്പെടുത്തി. ഏറ്റവും പ്രിയം എന്നു കരുതുന്ന കാര്യങ്ങൾ ചിലപ്പോൾ ക്രൂശായി മാറും. നമ്മെ ആശ്വസിപ്പിക്കും എന്നു കരുതുന്നവർ ദുഃഖകാരണമായി മാറിയേക്കാം. യാക്കോബിന്റെ മക്കൾ വിവിധ സ്വഭാവക്കാരായിരുന്നു. ദൈവകൃപ പരമ്പരാഗതമായി ഒഴുകിവരുന്നില്ല. എങ്കിലും യാക്കോബിന്റെ കുടുംബത്തോടുള്ള ദൈവീക ഉടമ്പടിയ്ക്ക് യാതൊരു വിഘ്നവും ഉണ്ടായിട്ടില്ല.

ദീനാമ്മ യാക്കോബിന്റെ ഏകപുത്രി എന്ന് അനുമാനിക്കാം. ആകയാൽ അവൾ മാതാപിതാക്കൾക്ക് ഇഷ്ടപുത്രിയാകുന്നു. കൂടുതൽ ലാളിക്കപ്പെടുന്ന കുട്ടികൾ ചിലപ്പോൾ വ്യസനഹേതുവായി മാറുമല്ലോ. അതുപോലെ ദീനയും കുടുംബത്തിന് ദുഃഖകാരണമായി. ഇപ്പോൾ ദീനയ്ക്ക് പതിനഞ്ചോ, പതിനാറോ വയസ്സു മാത്രമേ പ്രായമുള്ളൂ. അവൾ വീട് വിട്ടിറങ്ങിയത് മാതാപിതാക്കളുടെ അനുമതിയോടുകൂടിയോ എന്നത് സംശയാസ്പദമാണ്. സ്വന്തം ഇഷ്ടപ്രകാരം പോയിരിപ്പാനാണ് ഇടയുള്ളത്. അന്ന് ഒരു ഉത്സവദിവസമായിരുന്നിരിക്കണം. അനേകം കന്യകമാർ ദേശത്തിൽ പലയിടങ്ങളിൽ സമ്മേളിക്കുന്ന ദിനമാണ്. അവൾ വീട്ടിൽ ഒറ്റയ്ക്കൊള്ളൂ, ആകയാൽ വീട്ടിലിരുന്ന് മുഷിയാതെ, തന്റെ പ്രായത്തിലുള്ള കുട്ടികളുമായി കൂട്ട്കൂടാമെന്ന് കരുതി ഇറങ്ങിയതാവാം. കുഞ്ഞുങ്ങൾ ഭവനത്തിൽ മാതാപിതാക്കളുടെ പരിലാളനയിലും സംരക്ഷണത്തിലുമാണ് വളരേണ്ടത്. ബുദ്ധിയുള്ള മാതാപിതാക്കൾ അവരെ അങ്ങനെ വളർത്തും. ബുദ്ധിയുള്ള കുഞ്ഞുങ്ങൾ അങ്ങനെ വളരും..... ദേശത്തിലെ കന്യകമാരുടെ വസ്ത്രം, നൃത്തം എന്നിവ കാൺമാൻ പോയതാണ്. എന്നാൽ അവളുടെ 'പോക്ക് കാണുവാൻ' വേണ്ടി മാത്രമായിരുന്നില്ല. 'കാണപ്പെടുവാൻ'വേണ്ടി മാത്രമായിരുന്നു. ദേശത്തിലെ പുത്രിമാരെ കാണാനാണ് പോയതെങ്കിലും പുത്രന്മാരേയും കാണേണ്ടിവന്നു. കനാന്യരുമായി പരിചയപ്പെടുവാനും കൂടിയാണ് പോയത്. ഒടുവിൽ ശേഖേം അവളെ വഷളാക്കി. ശേഖേം ദേശത്തിലെ പ്രഭുവായിരുന്നു. എന്നാൽ അവൻ അവന്റെ ജഡീകാഭിലാഷത്തിന്റെ അടിമയായിരുന്നു. അവൻ ദീനയോടുകൂടി ശയിച്ചു. തിത്തോ. 2:5.

യൌവ്വനക്കാരികൾ വീട്ടിൽ അടങ്ങി ഒതുങ്ങി പാർക്കേണ്ടതാണ്. പാപത്തിന്റെ ആരംഭം വെള്ളം തുറന്ന് വിടുന്നതുപോലെ ആകുന്നു. ചെറിയ തീയ് വലിയ കാട് കത്തിക്കുന്നു. പാപത്തിന് ഇടകൊടുക്കാതെ സൂക്ഷിക്കണം. ശേഖേം അവളെ അശുദ്ധമാക്കി എങ്കിലും അവളെത്തന്നെ വിവാഹം കഴിക്കാൻ തീരുമാനിച്ചത് നല്ല സ്വഭാവം. അമ്നോനെപ്പോലെ ചെയ്തില്ലല്ലോ. 2ശമു. 13:15.

ഇന്നും തങ്ങളുടെ കുഞ്ഞുങ്ങളെപ്പറ്റി ഭാരപ്പെടുന്ന മാതാപിതാക്കളേ! നിങ്ങളെപ്പോലെ മനോദുഃഖം അനുഭവിച്ച അനേകർ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട് എന്നോർക്കുക. യാക്കോബ് ഈ വസ്തുത അറിഞ്ഞപ്പോൾ മൗനം അവലംബിച്ചു. സങ്കീ. 39:2–ലെ അനുഭവമായിരുന്നു. യാക്കോബ് ഈ കാര്യം മക്കളുടെ കയ്യിൽ ഏൽപ്പിക്കുന്നു. യാക്കോബ് കുടുംബത്തിലെ പിതാവും തലവനുമെന്ന നിലയിൽ ഈ കാര്യങ്ങൾ കുറേക്കൂടി വിവേകപൂർവ്വം സ്വയമായിത്തന്നെ കൈകാര്യം ചെയ്യേണ്ടതായിരുന്നു. മക്കളുടെ കയ്യിൽ ഏൽപ്പിക്കേണ്ടിയിരുന്നില്ല.

ഏതായാലും യാക്കോബ് തന്റെ മുൻകാല സംവത്സരങ്ങളുടെ വിളവ് കൊയ്തെടുത്തു. ഗലാ. 6:7–8. വീട്ടിൽ അടങ്ങിയിരിക്കാത്ത പെൺകുട്ടികൾക്ക് പറ്റുന്ന കുഴപ്പങ്ങൾ ഇപ്രകാരമാകുന്നു. ഇത് എല്ലാക്കാലത്തും ഒരു മുന്നറിയിപ്പ് തന്നെ. ശേഖേമിന്റെ അയോഗ്യമായ കന്യകാപഹരണം അവനും കുടുംബത്തിനും നാശകരമായി ഭവിച്ചു. യിസ്രയേല്യനെ ഉപദ്രവിക്കുന്നവർക്ക് നാശം സംഭവിക്കുമെന്ന കാര്യ ഇവിടെയും തെളിയുന്നു ഉല്പ. 12:3.

**വാക്യം 6–24**

അഗ്രകർമ്മികളായ ഈ കനാന്യ ചെറുപ്പക്കാരുടെ കയ്യിൽ തങ്ങളുടെ വാത്സല്ല്യ സഹോദരിയായ ദീന അകപ്പെട്ടതും ശേഖേം അവൾക്ക് മാനഹാനി വരുത്തിയതുമായ വാർത്ത കേട്ടതിനെത്തുടർന്ന് മക്കൾക്ക് ക്രോധം ജ്വലിച്ചു. ഇത് മനുഷ്യസഹജം. യിസ്രായേലിൽ ഇവൻ അമ്നോനെപ്പോലെ വഷളത്വം പ്രവർത്തിച്ചവനാണ് 2 ശമു. 13:15. യിസ്രായേൽ എന്ന പദം ജാതിക്ക് ആദ്യം പ്രയോഗിച്ച സ്ഥലം ഇവിടെയാണ്. കനാന്യർ യിസ്രായേല്യരുമായി സ്നേഹബന്ധത്തിൽ കഴിയുവാൻ തീരുമാനിച്ചു. യാക്കോബിന്റെ മക്കൾ തന്ത്രപൂർവ്വമായി അത് സമ്മതിച്ചു. കനാന്യരെ മതത്തിൽ ചേർക്കുവാനുള്ള നയം കാണുക. എന്നാൽ ശരീരത്തിലല്ല, ഹൃദയത്തിലായിരുന്നു പരിഛേദന നടക്കേണ്ടിയിരുന്നു റോമ. 1:28–29. ആത്മാക്കളെ ദൈവത്തിനുവേണ്ടി നേരിടുന്നത് നിശ്ചയമായും നല്ലതുതന്നെ. എന്നാൽ ഇപ്രകാരം ദുരുദ്ദേശമെങ്കിൽ അത് കുറ്റകരമാണ്. മതകർമ്മങ്ങൾ വൃഥാവായി അനുഷ്ഠിക്കുന്നതിൽ യാതൊരു അർത്ഥമില്ല. അത് ശിക്ഷാർഹമായി തീരുകയൊള്ളൂ. മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് കൊടുക്കരുതല്ലോ! ഒരു സ്ത്രീയ്ക്ക് വേണ്ടി മതം മാറുന്നതിനേക്കാൾ ഒരു ദൈവത്തിനുവേണ്ടി ഹൃദയം മാറുന്നതല്ലേ നല്ലത്. ദൈവത്തെ സ്നേഹിക്കാൻ ഹൃദയപരിഛേദന ചെയ്യുക. കനകം, കാമിനി എന്നിവയ്ക്കുവേണ്ടി മതം സ്വീകരിക്കരുത്. എന്തും സ്വീകരിക്കാമെന്ന് ശേഖേം മനസ്സിൽ നിശ്ചയിച്ചു. ദുരാശയുടെ പര്യവസാനം എന്താണെന്ന് അതിൽ കുടുങ്ങുന്നവൻ അറിയുന്നില്ലല്ലോ.

ശിമയോനും ലേവിയും സ്വഭാവികമായിതന്നെ കോപിഷ്ടരായിരുന്നു 49:5–7. അവർ മതകർമ്മങ്ങൾ വാശിയിൽ ഉപയോഗിച്ചു.

**വാക്യം 25–31**

ശിമയോനും ലേവ്യയും വാളുകൊണ്ട് ശേഖേമ്യരുടെ തല കൊയ്തെടുത്തു. ഇതിനാലവർ സ്വപിതാവിന്റെ ഹൃദയത്തെ തകർത്തു. ഈ സഹോദരന്മാർക്ക് 25 വയസ്സിൽ കൂടുതൽ പ്രായം കാണുകയില്ല. ഏശാവിന്റെ വാൾ ഉപജീവനത്തിനായി ഉപയോഗിച്ചപ്പോൾ ഇവരുടെ വാൾ കൊലപാതകത്തിനായി ഉപയോഗിക്കുന്നു. സദുദ്ദേശപരമായി കനാന്യർ പരിഛേദന ഏറ്റിരുന്നുവെങ്കിൽ ദൈവം അവരെ പരിപാലിക്കുമായിരുന്നു. എന്നാൽ അവർ സ്വയലാഭത്തിനായി ചെയ്തതാകയാൽ ദൈവക്രോധത്തിന് പാത്രീഭൂതരായി. ഇവിടെ ശിമയോനും ലേവ്യയും ചെയ്തത് തികച്ചും അനീതിയാണ്. ശേഖേം ചെയ്തത് തെറ്റു തന്നെ. എന്നാൽ അതിന് വഴി തെളിയിച്ചത് ദീന ആയിരുന്നു എന്ന് ഓർക്കേണ്ടതാണ്. ദീനായുടെ കൂടാരത്തിൽ വച്ചായിരുന്നില്ല പാപം കനാന്യരുടെ കൂടാരത്തിൽ വച്ചായിരുന്നു. അവളാണ് പരീക്ഷിക്കപ്പെട്ടുപോയത്. ശേഖേം പാപം ചെയ്തെങ്കിലും ന്യായാധിപഗ്രന്ഥത്തിലെ വെപ്പാട്ടിയെപ്പോലെ അവളെ അവൻ കൊന്നില്ല. അമ്നോനെപ്പോലെ അവൻ അവളെ വെറുത്തില്ല. അവന്റെ കുറ്റത്തെ നീതീകരിച്ചില്ല. മറിച്ച് അനുരഞ്ജനത്തിനു തയ്യാറായതേയുള്ളൂ. അതിനും പുറമെ ശേഖേം എന്ന ഒരുവൻ ചെയ്ത കുറ്റത്തിന് കനാൻ നിവാസികൾ എന്തിന് ശിക്ഷിക്കപ്പെട്ടു? നിരപരാധികളായ അവർ എന്തിന് കൊല്ലപ്പെട്ടു? അത് ഹീനകൃത്യം. ഇവർ വച്ച വ്യവസ്ഥ മുഴുവൻ പാലിപ്പാൻ ഒരുങ്ങിയ ശേഖേമ്യർ, പൂർണ്ണമായും മിത്രതയിലെത്തിയവരോട് ഇങ്ങനെയോ ചെയ്യേണ്ടിരുന്നത്. കൂടാതെ ദൈവത്തിന്റെ വിശുദ്ധ കൽപനയെ ദുരുദ്ദേശപരമായി ഉപയോഗിച്ചതും അവർക്ക് ശാപമായിത്തീർന്നു.

ഇവിടെ ശേഖേമ്യരുടെ സാധനങ്ങൾ കൊള്ളയടിക്കപ്പെട്ടത് ദൈവീക നീതിയായിരുന്നു. യാക്കോബിന്റെ കുടുംബസ്വത്തിന് ഉടമസ്ഥരായിരിപ്പാൻ ഉള്ളുകൊണ്ട് ആഗ്രഹിച്ചവരായിരുന്നു അവർ. ഇപ്പോഴോ കനാന്യരുടെ സ്വത്തിന് യാക്കോബിന്റെ മക്കൾ അവകാശികളായിത്തീർന്നു. അനീതിയായി പണം സമ്പാദിക്കാൻ ആഗ്രഹിക്കുന്നവരുടെയെല്ലാം ഗതി ഈ വിധത്തിലാകും.

യാക്കോബിന്റെ ധർമ്മസങ്കടം കാണുക. നല്ല കുട്ടികൾ മാതാപിതാക്കൾക്ക് ആനന്ദമാണ്. കൊള്ളരുതാത്തവരോ അവർക്ക് വ്യസനഹേതു. 'ചത്ത ഈച്ച തൈലക്കാരന്റെ തൈലം മുഴുവൻ നാറുമാറാക്കുന്നുവല്ലോ. 'യാക്കോബിന് ഭീതി ഉളവായി. ശേഖേമ്യർ അനേകർ ഒരു യിസ്രയേൽ പെൺകുട്ടിയുടെ നാമത്തിൽ കൊല്ലപ്പെട്ടു എങ്കിൽ യിസ്രയേല്യർ എല്ലാം ശേഖേമ്യരുടെ നാമത്തിൽ കൊല്ലപ്പെട്ടുകൂടെ? ഈ ചിന്ത യാക്കോബിൽ ഒരുവായി. യാക്കോബ് ഗൃഹത്തിന്റെ സുരക്ഷിതത്വം ദൈവം വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളതാണെങ്കിലും യാക്കോബ് ഭയപ്പെട്ടുപോയി. പാപം എവിടെയുണ്ടോ അവിടെ ഭയവുമുണ്ട്. ബുദ്ധിയുള്ള മാതാപിതാക്കൾ ഇത് നേരത്തെ ആരാഞ്ഞറിയുന്നു. ഇവിടെ യാക്കോബിന്റെ മക്കൾ പിതാവിനോട് കുറ്റം ഏറ്റുപറയുകയോ ക്ഷമ ചോദിക്കുകയോ ചെയ്യുന്നില്ല, പിന്നയോ കുറ്റത്തെ ന്യായീകരിക്കുകയാണ്. ഞങ്ങളുടെ സഹോദരിയോട് അവൻ ഒരു വേശ്യയോടെന്നപോലെ പെരുമാറാമോ? അതിന് മറു ചോദ്യം ഒരു മഠയപ്പെൺകുട്ടിയുടെ പേരിൽ ദേശത്തെ മുഴുവൻ നശിപ്പിക്കുന്നത് ശരിയോ?

സ്വന്തം മകന്റെ അകൃത്യനിവൃത്തിക്ക് സഹായിച്ച പിതാവിനും ദുരന്തം വന്നു. ശേഖേമിന്റെ അപ്പന്റെ പേർ ഹാമോർ എന്നാകുന്നു. ഈ പേരിന്റെ അർത്ഥം കാട്ടുകഴുത എന്നാണ്. തന്റെ യാത്രാമദ്ധ്യേ അന്യജാതിക്കാരുടെ ഇടയിൽ വാസമുറപ്പിച്ചതിന്റെ ഫലം യാക്കോബും അനുഭവിച്ചു.

## മുഖം മൂടി ധരിച്ച തട്ടിപ്പു വീരന്മാർ

ജോതി മാർഗ്ഗം പത്രത്തിൽ ഓക്ടോബർ മാസം റോയി മേപ്രാൽ എഴുതിയ ചിന്തനീയലേഖനമാണ് മുഖം മൂടി ധരിച്ച തട്ടിപ്പുവീരന്മാർ. വിദ്യാഭ്യാസ കച്ചവടത്തിൽകൂടി ലക്ഷങ്ങൾ സമ്പാദിക്കുന്ന ഒരു പാസ്റ്ററുടെ കഥയാണ് ലേഖനത്തിൽ. ചതിവ് ചെയ്ത പാസ്റ്ററോട് പ്രതികരിയ്ക്കാൻ കഴിയാത്ത നിസ്സഹയാവസ്ഥയിൽ കഴിയുന്ന കുടുംബനാഥൻ. ഇത് പെന്തക്കോസ്ത് സമൂഹത്തിൽ ഒറ്റപ്പെട്ട സംഭവമല്ല. സുവിശേഷവേലയെ ആദായ സൂത്രമാക്കി വിസാ കച്ചവടം, വണ്ടക്കച്ചവടം. ദല്ലാൾപണി തുടങ്ങിയ ശുശ്രൂഷകൾ ഏറ്റെടുത്തിരിക്കുന്നവർ ഇന്ന് വർദ്ധിച്ചുവരുകയാണ്. റോയിയുടെ ലേഖനം ഇങ്ങനെയാണ് ഉപസംഹരിച്ചിരിക്കുന്നത്.

*അരമനയിലേക്ക് ഒരു അപേക്ഷ* :– സുവിശേഷം പ്രസംഗിക്കുവാൻ ഓർഡിനേഷനും വാങ്ങി പേരിനുമുമ്പിൽ പാസ്റ്റർ എന്ന് ചേർത്തിട്ട് കൃത്യവിലോപം കാട്ടി മറ്റുപണിയ്ക്ക് പോകുന്ന എല്ലാവരുടെയും ഓർഡിനേഷൻ ദയവായി റദ്ദു ചെയ്ത് നാല് പേർ വായിക്കുന്ന പത്രത്തിൽ വാർത്ത പരസ്യപ്പെടുത്തുവാനുള്ള തന്റേടം കൂടി ഇവർക്ക് ഓർഡിനേഷൻ കൊടുത്തവർ കാട്ടി ജനത്തെ സഹായിക്കണം.

*കുറിവാക്യം* : ആകാത്ത വേലക്കാരെ സൂക്ഷിക്കുക.









# വസ്ത്രത്തിനുള്ളിലെ ശരീരം



എം.കെ. ഹരികുമാർ

ആധുനീക നാഗരികതയാൽ വേഷം ഒരാളുടെ നഗ്നതയെയല്ല മറയ്ക്കുന്നത്; ലോകത്തെയാണ്. ഒരാൾ പല ലോകങ്ങളിലും പല കാലങ്ങളിലുമായി ചിതറിപൊയ്ക്കൊണ്ടിരിക്കുകയാണ്, ഓരോ നിമിഷവും. നിമിഷങ്ങൾ ഭക്ഷികാകനുള്ളതാണ്. ഭക്ഷിച്ചുതീരാനായി വരുന്ന നിമിഷങ്ങൾക്ക് അന്തമില്ല. അതിനിടയിൽ ഒന്നിലും ഉറച്ചുനിൽക്കാനാകില്ല. പത്രവും ടെലിവിഷനും സിനിമയും ജോലിയും യാത്രയും ഒന്നും പേശാതെ വരുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ശരിക്കും, കുട്ടികളാണ് ഈ തീവ്രമായ വിരസതയനുഭവിക്കുന്നത്.

ഏത് വിനോദവും അവർക്ക് കുറച്ച് നേരത്തേയ്ക്ക് മാത്രം. കുറച്ചുനേരം പോഗോ അതുകഴിഞ്ഞാൽ വാർത്ത, പിന്നെ കോമഡി, അതും തീർത്തശേഷം കുറച്ചുപാട്ട്, എന്നിട്ടും മതിവരാതെ മൊബൈലുകളിലേയ്ക്കും കമ്പ്യൂട്ടറുകളിലേയ്ക്കും പോവുകയാണ്. എന്നിട്ടും ബോറടി മാറുന്നില്ല. പിന്നെ എന്താണ് പോവഴി? കണ്ടതുതന്നെ കാണുക; വീണ്ടും വീണ്ടും കാണുക. ഈ തീവ്രമായ വിരസതയിലെ സുപ്രധാന ഘടകം, ആ വിരസതയുടെ നടത്തിപ്പും കുട്ടികൾതന്നെ ഏറ്റെടുക്കുന്നു എന്നാണ്. കുട്ടികൾതന്നെയാണ് ടിവിയും ഫോണും കമ്പ്യൂട്ടറും പ്രവർത്തിപ്പിക്കുന്നത്. വിനോദം തേടുന്ന അവർ, ഒടുവിൽ വിരസതയുടെ നടത്തിപ്പുകാരായിമാറുന്നു. ആ നടത്തിപ്പിനുള്ള പങ്കാളിത്തമാണ് അവർക്ക് അസ്തിത്വം നൽകുന്നത്. ഓരോ നിമിഷവും മാനസിക ജീവിതമാണ്; അതുപക്ഷേ അഗാധമോ, ആന്തരികമോ അല്ല.

വിരസമായ ജീവിതത്തെ തന്നെ സ്വയം ചലനാത്മകമാക്കുകയാണ് എന്നാൽ അതിന്റെ ആത്യന്തികഫലം വിരസതതന്നെ. ഒരു വൃത്തത്തിനു ചുറ്റും നടക്കുന്നതുപോലെതന്നെയാണ്. അതേ സമയം ഒന്നിലും മനസ്സുറയ്ക്കുകയോ തൃപ്തി നേടുകയോ ചെയ്യാത്ത ഈ അവസ്ഥ, ജീവിതത്തിന്റെ എല്ലാ മൂല്യാന്വേഷണങ്ങളെയും സ്വകാരവത്ക്കരിക്കുകയാണ്. തലതിരിച്ചിൽ, സമ്മർദ്ദം, അധോലോക വാഞ്ചനകൾ, അക്രമം, അതിരുവിട്ട രതി, ക്രമം തെറ്റിയ ആഗ്രഹങ്ങൾ എല്ലാം മൂല്യമാകുകയാണ്. ഈ മൂല്യങ്ങൾ പൊതുസമൂഹത്തിന്റേതല്ല. മറിച്ച് വ്യക്തികളുടേതാണ്. വ്യക്തികൾക്കും അതിൽ ഉറച്ചുനിൽക്കാനാകില്ല. അവയെല്ലാം താത്ക്കാലികമായ താവളങ്ങളാണ്. നൈമിഷികമായ ആവേശത്തിൽ ഒത്തുകൂടുകയും പൊടുന്നനെ പിരിഞ്ഞുപോകുകയും ചെയ്യുകയാണ്.

ഇന്നത്തെ നാഗരിക ജീവിതം മനുഷ്യന്റെ ഈ ചിതലിനെ, വിരസതയിലേക്കുള്ള ഈച്ചയാർക്കലിനെ, തുണ്ടം തുണ്ടമായി വേർപെട്ടുപോയ മനസ്സാക്ഷിയെ മറയ്ക്കുന്നത് വസ്ത്രങ്ങളിലൂടെയാണ്. വസ്ത്രങ്ങളുടെ നിറങ്ങളും ഫാഷനും നമ്മുടെ അശരണവും പലായനാത്മകവും ബീഭത്സവുമായ അകം ലോകങ്ങളെ മറച്ചുപിടിക്കുന്നു.

വസ്ത്രങ്ങൾ ശരീരത്തിന് നഗ്നതയ്ക്ക് മേലെയൊരു മാനം നൽകുകയാണ്. നഗ്നതയെ ഒന്നുംകൂടി അലങ്കരിക്കുന്നതോടൊപ്പം, വസ്ത്രങ്ങൾ ഒരാളുടെ ശാരീരിക ചലനങ്ങൾക്കും ഭാഷകൾക്കും, നഗ്നതയ്ക്കപ്പുറമുള്ള വിനിമയങ്ങൾ സാധ്യമാക്കുന്നു.

ശരീരത്തിന്റെ ഭാഷയെ ഏകമുഖമാക്കാനും കേന്ദ്രീകരിക്കാനും ഒന്നിപ്പിക്കാനും വസ്ത്രം സഹായിക്കുന്നു. വസ്ത്രം ശരീരത്തെ മറ്റൊരു ഭാഷയാക്കുന്നു. വാസ്തവത്തിൽ അത് വസ്ത്രത്തിന്റെ ഭാഷ തന്നെയാണ്. ഒരാൾ തോർത്തുടത്ത് കുളിക്കാൻ നിൽക്കുന്നതും ടീഷർട്ടും കോട്ടുമിട്ട് ഷോപ്പിംഗ് മാളിൽ നിൽക്കുന്നതും, ശരീരത്തിനു രണ്ട് അർത്ഥങ്ങൾ നൽകുകയാണ്. ഒരിടത്ത് ശരീരം വസ്ത്രത്തേക്കാൾ കൂടുതൽ സംസാരിക്കുന്നത്.

ഒരാൾ ഇഷ്ടപ്പെട്ട വസ്ത്രം ധരിച്ചുകൊണ്ട് പ്രവൃത്തി ചെയ്യുന്നതും, മാനസികമായ സുഖം നൽകാത്ത വേഷമിട്ടുകൊണ്ട് ജോലിയെടുക്കുന്നതും രണ്ട് വ്യത്യസ്ത അനുഭവങ്ങളാണ്. ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കുന്നതോടെ, ശരീരം നഗ്നതയ്ക്കും, ആഭ്യന്തരപ്രശ്നങ്ങൾക്കുമുള്ള വേദി എന്ന നിലവിട്ട്, മാനസികമായ അവാച്യതയിലേക്ക് മാറുന്നു. സംഗീതാത്മകമായ ശരീരം ഉണ്ട്. ധ്യാനിക്കുമ്പോഴോ, പാട്ട് കേൾക്കുമ്പേ ഉണ്ടാകുന്നതിൽ നിന്ന് വിഭിന്നമാണിത്. ശരീരത്തിനു മറ്റൊരു രാഗം തിരിച്ചുകിട്ടുകയാണ്. അവയവങ്ങൾ നൽകുന്ന സംഗീതത്തിൽ ശരീരമാകെ ലയിക്കുകയാണ്.

വസ്ത്രം, ശരീരത്തെ ദൃശ്യവത്ക്കരിക്കുകയാണ്. അവനവനോടുള്ള പ്രിയത്തിന്റെ തോത് ഏറുന്നതിനനുസരിച്ച്, വസ്ത്രത്തിന്റെ ദൃശ്യവത്ക്കരണവും കൂടും. ശരീരം സംഗീതോപകരണമാണ്. അത് മീട്ടി സുന്ദരരാഗങ്ങൾ ഉല്പ്പാദിപ്പിക്കാൻ വസ്ത്രങ്ങൾക്ക് കഴിയും. ഫാഷൻ എന്ന പ്രവണത, ശരീരത്തിന് ഈ സ്വാതന്ത്ര്യമാണ് നൽകുന്നത്. ശരീരം ആരുടേത് എന്ന ചിന്ത തന്നെ അപ്രസക്തമാകുകയാണ്. ശരീരം വസ്ത്രത്തിന്റേതാണ്. ശരീരവും വസ്ത്രവും ചേർന്ന് മറ്റൊരു മനസ്സിൽ രൂപപ്പെടുകയും ചെയ്യുന്നു. ഭൂതകാലത്തിൽ നിന്ന് മനസ്സിനെ മോചിപ്പിക്കാൻ, അത്ര എളുപ്പമല്ല. പരിശീലനം കൊണ്ട് മനസ്സിനെ സജ്ജീകരിച്ചാൽ മാത്രമേ, പഠിച്ചതെല്ലാം മറന്നശേഷം മറ്റൊന്ന് ആവിഷ്ക്കരിക്കാൻ കഴിയുക്കയാള്ളൂ. ശരീരത്തിന് ഭൂതകാലത്തെ കളയാൻ ഒരുവഴിയുമില്ല; അതിന് ഒരേയൊരു ആശ്രയം വസ്ത്രമാണ്. ഒരാൾ വസ്ത്രം ഉപേക്ഷിക്കുന്നത് പ്രകൃതിയെ കാണാൻ സഹായിക്കും എന്നാൽ വസ്ത്രം ധരിക്കുന്നതോടെ, ഒരുവന് സ്വാതന്ത്ര്യം ലഭിക്കുന്നു. ഭൂതകാലത്തിന്റെ യുക്തിയും ഗോത്രവും വിരഹവും സ്തംഭനവും ഉപേക്ഷിച്ച്, ഹിമം നിറഞ്ഞ ആകാശങ്ങളെ സ്വപ്നം കാണാൻ അവസരമൊരുക്കുന്നു. ബ്രിട്ടീഷ് എഴുത്തുകാരിയായ ജോവാനെ എൻഡ്വിസിൽ എഴുതിയത് ഇങ്ങനെയാണ്.

All cultures "dress" the body, making it a crucial feature of social order.

എല്ലാ സംസ്ക്കാരങ്ങളിലും ശരീരത്തിന് ഒരു ധർമ്മമുണ്ട്. അത് വസ്ത്രം ധരിക്കുക എന്നതാണ്. എന്തിനാണ് വസ്ത്രം ധരിക്കുന്നതെന്ന്, ആ സംസ്ക്കാരം പറഞ്ഞുതരും.

ഈ കാലം ശരീരത്തിന്റെ ആഘോഷമാണ് ഉറപ്പാക്കുന്നത്. തീർച്ചയായും വസ്ത്രശാലകളുടെ മുൻപിൽ സ്ഥാപിച്ചിട്ടുള്ള ബൊമ്മകൾ വസ്ത്രങ്ങളെപ്പറ്റിയുള്ള നമ്മുടെ പൂർവധാരണകളിൽ നിന്ന് മോചനം നേടാൻ ഉപകരിക്കും. ബൊമ്മകൾ ഭൂതകാലത്തെ ഓർക്കുന്നേയില്ല. അവ ഓരോ ദിവസവും വസ്ത്രം മാറുന്നു. അതാകട്ടെ, ഏറ്റവും പുതിയ ഫാഷൻ ആയിരിക്കും. അങ്ങനെ ആ വസ്ത്രം ഇന്നത്തെ മാത്രമല്ല, നാളത്തെയും ആണെന്ന് ബൊമ്മകൾ ഓർമ്മിപ്പിക്കും.

തിരക്കേറിയ വസ്ത്രശാലകളിൽ സാരിയണഞ്ഞും ഷെർവാണിയണിഞ്ഞും നിൽക്കുന്ന വിവിധതരം ബൊമ്മകൾ നമ്മെ സംസ്ക്കാരത്തെപ്പറ്റി ഓർമ്മിപ്പിക്കുന്നു. കുടുംബമോ ഭൂതകാലമോ ഓർമ്മയോ രതിയോ ഇല്ലാത്ത വേദനിപ്പിക്കുന്ന ജീവിതമാണ് ബൊമ്മയുടേത്. എന്നാൽ അവൻ/അവൾ അത് പ്രദർശിപ്പിക്കാറില്ല. എന്നും ഒരേ നിൽപ്പാണ്. ഒരേ ആംഗ്യമാണ്. ഒരേ നേട്ടമാണ്. നമുക്ക് ആ ശരീരത്തിൽ കയറി നിന്ന് അങ്ങനെയൊരു നോട്ടമോ നില്പോ സാധ്യമാകില്ല. നമ്മൾ അകന്ന് മാറിയുള്ള ജീവിതത്തിന്റെ സ്പന്ദിക്കുന്ന ദുരിതങ്ങളായി അവശേഷിക്കുമ്പോൾ, ബൊമ്മകൾ പുതിയ വിഷാദത്തിന്റെ പുതിയ നിലനിൽപ്പിന്റെ, പുതിയ നോട്ടത്തിന്റെ പുതിയ ഭാഷ തരുകയാണ്. ഇന്നലത്തെ നില്പും നോട്ടവുമാണെങ്കിലും, ബൊമ്മ ഇന്ന് നവജീവിതമാണ്. ആഴക്കടലിൽ നിന്ന് മുങ്ങിയെടുക്കാനുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന ഒരു പുഞ്ചിരി ആ മുഖത്തുണ്ടാകും. നമ്മുടെ ശരീരത്തെ എങ്ങനെ വസ്ത്രം ധരിപ്പിക്കണമെന്നതിലുപരി, ആ ബൊമ്മയിൽ ഒരു ജീവിതം സാധ്യമാണോയെന്ന് അത് നമ്മെ ചിന്തിപ്പിക്കുന്നു.

വിരഹങ്ങൾക്കും സൗന്ദര്യമുണ്ടെന്ന് ബൊമ്മകൾ ഓർമ്മിപ്പിക്കുന്നു. നാനാതരം നുറുങ്ങുകളായിപ്പോയ നമ്മെ, തുടച്ചുകൂട്ടി ഒരു ഉണ്മ അല്ലെങ്കിൽ ശരീരമാക്കുന്നത് ഈ ബൊമ്മകളാണ്. ശരീരത്തിന്റെ വസ്ത്രമല്ല, വസ്ത്രത്തിന്റെ ശരീരമാണ് ബൊമ്മകൾ സാക്ഷാത്ക്കരിക്കുന്നത്. അവ നമ്മുടെ വൈകാരിക ലോകത്തിന്റെ വെളിയിൽ സ്വന്തം വസ്ത്രത്തിന്റെ ശരീരമാവുകയാണ്.

വസ്ത്രം നിശ്ചയിക്കുന്ന വ്യക്തി അല്ലെങ്കിൽ ശരീരമാകാനുള്ള ഒരു കർമ്മയോഗമാണ് ബൊമ്മകൾക്കുള്ളത്. ഇഷ്ടപ്പെട്ട ഡിസൈനിൽ തുന്നിയെടുക്കുന്ന വസ്ത്രങ്ങൾ ധരിക്കുന്ന നമ്മളും വസ്ത്രങ്ങളുടെ വ്യക്തിത്വങ്ങളാണ്. ചില വസ്ത്രങ്ങളിലേ, ആധുനീക മനുഷ്യർക്ക് സ്വാതന്ത്ര്യമുള്ളൂ. എല്ലാ വസ്ത്രങ്ങളും സ്വാതന്ത്ര്യം നൽകില്ലെന്ന് ഉറപ്പുള്ളതുകൊണ്ട്, ചിലർ ഓരേ വസ്ത്രം ധരിക്കുകയാണ്. അവരാകട്ടെ, ശരീരത്തിന്റെ സംഗീതവും പ്രേമവും ബൗദ്ധികതയും എല്ലാ ആ പ്രത്യേക വസ്ത്രത്തിന്റെ പ്രതിച്ഛായയിലൂടെയാണ് യാഥാർത്ഥ്യമാക്കുന്നത്. ശരീരത്തിനു കിട്ടുന്ന പ്രതിച്ഛായ അവർ യാഥാർത്ഥ്യമാക്കി സ്വകരിക്കുന്നു. ശരീരം, ആ വസ്ത്രത്തിൽ ബന്ധിതമാണ്.

ഇഷ്ടമുള്ള വസ്ത്രങ്ങൾ മാറി മാറി ധരിക്കുന്നവർ, സ്വന്തം ശരീരത്തിന്, നിയതാർത്ഥത്തിനപ്പുറമുള്ള സംസ്ക്കാരം സാധ്യമാക്കുന്നു.



വസ്ത്രശൈലിയിലൂടെ മാനസീകമായി ഉണർന്ന്, അവർ ശരീരത്തെ താത്ക്കാലികമായി സംസ്ക്കാരവത്ക്കരിക്കുന്നു. ഒരു കുർത്തയോ ടീഷർട്ടോ അവരുടെ ശരീരത്തിന് പല പ്രായങ്ങളും കാലങ്ങളും സമ്മാനിക്കുന്നു. യഥാർത്ഥ കാലത്തിനു ബദലായ ശരീരത്തെ പ്രതീതിയിലേക്ക് നയിക്കാൻ വസ്ത്രങ്ങൾക്ക് കഴിയുന്നു.

വസ്ത്രം നമ്മുടെ മനസ്സിന്റെയല്ല, ശരീരത്തിന്റെ മറ്റൊരു മാനമാണ്. മനസ്സിന് വസ്ത്രംകൊണ്ട് മറയിടാനാകയില്ല. എന്നാൽ ശരീരത്തെ വസ്ത്രം ധരിപ്പിച്ച് സംഗീതമുണ്ടാക്കാം. എന്നാൽ ആ സംഗീതം ആസ്വാദ്യമാകണമെങ്കിൽ, മനസ്സിന്റെ സന്തോഷവും സംസ്ക്കാരവും ഒന്നിക്കണം.

## ഐ.പി.സി. ഫാമിലി കോൺഫ്രൻസ് കിക്ക് ഓഫ് മീറ്റിംഗ് ന്യൂയോർക്കിൽ

രാജൻ ആര്യപ്പിള്ളിൽ

ന്യൂയോർക്ക്: 2012 ജൂലൈ 26–29 വരെ നടക്കുന്ന പതിനൊന്നാമത് ഐ.പി.സി. ഫാമിലി കോൺഫ്രൻസിന്റെ പ്രഥമ പ്രമോഷൻ മീറ്റിംങ് ഡിസംബർ 11–ാം തീയതി ഞായറാഴ്ച വൈകിട്ട് 4.30ന് നടക്കുന്നതാണ്.

ന്യൂയോർക്ക് പട്ടണത്തിലും സമീപ പ്രദേശങ്ങളിലുമുള്ള ഐ.പി.സി. സഭാ ശുശ്രൂഷകന്മാരും വിശ്വാസികളും ഇതൊരറിയിപ്പായി കരുതി ഈ മീറ്റിംഗിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് സെക്രട്ടറി സാം തോമസ് അറിയിച്ചു.

പതിനൊന്നാമത് ഐ.പി.സി. കോൺഫ്രൻസിന്റെ വിജയത്തിനായി പ്രവർത്തിക്കുന്ന മികച്ച നേതൃപാടവം തെളിയിച്ചിട്ടുള്ള നാഷണൽ കമ്മറ്റിക്ക് ഒപ്പം ലോക്കൽ കമ്മറ്റിയും സജീവമായി കഴിഞ്ഞു.

പാസ്റ്റർ ജേയിംസ് ജോർജ്ജ് ഉമ്മൻ (നാഷണൽ കൺവീനർ), സാം തോമസ് (സെക്രട്ടറി), ജോർജ്ജ് ശാമുവേൽ (ട്രഷറർ), ആൻഡ്രു വി. ആന്റണി (യൂത്ത് കോർഡിനേറ്റർ), രാജൻ ആര്യപ്പിള്ളിൽ (മീഡിയാ കോർഡിനേറ്റർ) എന്നിവരാണ് പതിനൊന്നാമത് കോൺഫ്രൻസിന് നേതൃത്വം നൽകുന്നത്.

➡ 1

## ചർച്ച് ഓഫ് ഗോഡ് കേരളാ

(ലൈറ്റ് & സൗണ്ട്), എം. ജോൺസൺ (അക്കമഡേഷൻ), ജോസ് ബേബി (ഫുഡ്), തോമസ് ജോർജ്ജ് (പബ്ലിക് റിലേഷൻ), വൈ. റെജി (റിസപ്ഷൻ), മാത്യു കെ. ഫിലിപ്പ് (നിർദ്ദേശങ്ങൾ), ഏ.റ്റി. ജോസഫ് (സ്റ്റാൾ അലോട്ടുമെന്റ്), വിനോദ് ജേക്കബ് (പന്തൽ), വൈ. ജോസ് (ഗ്രൗണ്ട് അറേഞ്ച്മെന്റ്), കെ.കോരുത് (ട്രാൻസ്പോർട്ടേഷൻ), സജു പി. തോമസ് ((സീറ്റിംഗ്), ജോൺസൺ ദാനിയേൽ (കൗൺസിലിംഗ്), റ്റി.എസ്. മാത്യു (വാട്ടർ സപ്ലെ & ക്ലീനിംഗ്), സഹോദരന്മാരായ എബ്രഹാം എം. തോമസ് (പാർക്കിംഗ്), ജോസഫ് മറ്റത്തുകാല (വിജിലൻസ്), കെ.എം. ജേക്കബ് (സെക്യൂരിറ്റി), റ്റി. യോഹന്നാൻ (പബ്ലിക്കേഷൻ), എ.എം. ഏലിയാസ് (ഓഫീസ്), കെ.ഏബ്രഹാം (ഓഫീസ് കോംപ്ലെക്സ് പ്രോജക്ട്), സിസ്റ്റർ മേരിക്കുട്ടി ഏബ്രഹാം (വനിതാ വോളണ്ടിയേഴ്സ്) തുടങ്ങിയവർ ചെയർമാന്മാരായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

ഈ വർഷവും പങ്കെടുക്കുന്ന എല്ലാവർക്കും ഗ്രൗണ്ടിൽ ഭക്ഷണം നൽകുന്നതാണ്. കൺവൻഷനോടനുബന്ധിച്ച് വിപുലമായ ക്രമീകരണങ്ങളാണ് ഈ വർഷവും ഒരുക്കുന്നതെന്ന് മീഡിയാ ഡയറക്ടർ പാസ്റ്റർ ജെ. ജോസഫ് അറിയിച്ചു.

## ഡാളസ്സിൽ ക്രിസ്ത്യൻ സംഗീത സന്ധ്യ

**ഡാളസ് :** അലൻ ഫെയ്ത്ത് ടാബർനാക്കിൾ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 18–ന് അലൻ പബ്ലിക് ലൈബ്രറി ഓഡിറ്റോറിയത്തിൽ വച്ച് ക്രിസ്ത്യൻ സംഗീതസന്ധ്യ സംഘടിപ്പിക്കുന്നു. ഡാളസ്സിലെ പ്രശസ്ത സംഗീത ട്രൂപ്പായ ഡാളസ്സ് സെലിബ്രന്റ് ആണ് ഗാനങ്ങൾ ആലപിക്കുന്നത് പാസ്റ്റർ എബി മാമ്മൻ.

ദൈവവചനഘോഷം നിർവ്വഹിക്കും. കൂടുതൽ വിവരങ്ങൾക്ക് :– 214 471 2715.

Vol. III Issue: 22
December 2011

# EXPRESS HERALD

Christian Cultural News Paper

www.expressherald.com

*For Private Circulation Only*




അമേരിക്കൻ നേർക്കാഴ്ചകൾ



എബ്രഹാം തോമസ്

വർഷാന്ത്യത്തിൽ സംഭവ പരമ്പര അവലോകനം ചെയ്യുക പതിവാണ്. വ്യവസായരംഗത്തെപ്പോലെ മറ്റെല്ലായിടത്തും ഉണ്ടായ ലാഭനഷ്ടകണക്കെടുപ്പിനും വർഷത്തിന്റെ അവസാനം വേദി ഒരുക്കുന്നു. എല്ലാ രംഗത്തെയും ലാഭനഷ്ടം വിശകലനം ചെയ്യുമ്പോൾ അമേരിക്ക നേരിടേണ്ടിവന്ന പ്രകൃതി ദുരന്തങ്ങളും പരിഗണിക്കേണ്ടതുണ്ട്. 2011ൽ അമേരിക്കയിലുണ്ടായ പ്രകൃതി വിപത്തുകളിൽ ഒരു ബില്യൺ ഡോളറിലധികം നഷ്ടം വരുത്തിവച്ചവ ഒരു ഡസനോളം ആണ്. 1980കളിലെ പത്തുവർഷങ്ങളിൽ സംഭവിച്ച മൊത്തം നാശനഷ്ടങ്ങളെക്കാൾ വലുതാണ് കടന്നുപോകുന്നവർഷത്തിൽ സംഭവിച്ചത്. ഇവയിൽ ചുഴലിക്കാറ്റുകളും, പേമാരിയും, മഞ്ഞുവീഴ്ചയും, കാട്ടുതീയും, വരൾച്ചയും എല്ലാമുണ്ട്. ഒരു ബില്യൺ ഡോളറിലധികം നഷ്ടം വരുത്തിയ വിപത്തുകൾ ഇവയാണ്.

കിഴക്കൻ തീരങ്ങളിൽ ഓഗസ്റ്റുമാസം ആഞ്ഞടിച്ച ഐറീൻ ചുഴലിക്കാറ്റിൽ 7.3 ബില്യൺ ഡോളറിലധികം നഷ്ടം ഉണ്ടായി. 45 പേരുടെ മരണവും സംഭവിച്ചു. മദ്ധ്യപശ്ചിമ പ്രദേശത്തെ മിസ്സൗറി, സൗരീസ് നദികളിൽ വേനൽക്കാലത്തുണ്ടായ വെള്ളപ്പൊക്കം സൃഷ്ടിച്ച നഷ്ടം 2 ബില്യൺ ഡോളറിൽ കൂടുതലാണ്. 5 പേർ മരിച്ചു.

തെക്കൻ സമതലത്തിലും തെക്ക് പടിഞ്ഞാറും വസന്തത്തിലും ശിശിരത്തിലും സംഭവിച്ച വരൾച്ചയും താപവും മൂലമുണ്ടായത് 10 ബില്യൺ ഡോളറിന്റെ നഷ്ടമാണ്. ആളപായം റിപ്പോർട്ട് ചെയ്യപ്പെട്ടില്ല എന്നത് ആശ്വാസകരമാണ്.




മിസ്സിസിപ്പിനദിയിൽ വസന്തത്തിലും വേനലിലും ഉണ്ടായ വെള്ളപ്പൊക്കത്തിൽ 4 ബില്യൺ ഡോളർ വരെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. രണ്ടു പേരുടെ ജീവഹാനിയും സംഭവിച്ചിരിക്കാം.

ജൂൺ 18 മുതൽ 22 വരെയുണ്ടായ കൊടുങ്കാറ്റിലും പേമാരിയിലും മദ്ധ്യപശ്ചിമ, തെക്കുകിഴക്കൻ പ്രദേശങ്ങളിൽ 1.3 ബില്യൺ ഡോളറാണ് പാഴാക്കിയത്. മൂന്ന് മരണവും സംഭവിച്ചു.

തെക്ക് കിഴക്കും ഒഹായോ താഴ്വരയിലും ഏപ്രിൽ 25നും 28നും ഇടയിൽ ആഞ്ഞടിച്ച ചുഴലിക്കാറ്റും കനത്ത മഴയും വരുത്തിയത് വളരെ വലിയ നഷ്ടമാണ്. 321 ജീവൻ പൊലിഞ്ഞു 10.2 ബില്യൺ ഡോളറിന്റെ വസ്തുവകകളും നഷ്ടമായി.

ഏപ്രിൽ 14, 15, 16 തീയതികളിൽ മദ്ധ്യപശ്ചിമ, തെക്കുകിഴക്കൻ മേഖലയിൽ എത്തിയ ചുഴലിക്കാറ്റ് തകർത്തത് 2.1 ബില്യൺ ഡോളറിന്റെ സമ്പത്താണ്. 38 പേർ മരിക്കുകയും ചെയ്തു.

അമേരിക്കൻ തുരപ്പൻ പന്നിയെലികൾ പുറത്തിറങ്ങുന്ന ദിവസം-ഗ്രൗണ്ട് ഹോഗ്ഡേയിൽ ഷിക്കാഗോയിലുണ്ടായ കനത്ത മഞ്ഞുവീഴ്ചയിൽ മദ്ധ്യപശ്ചിമ, വടക്കുകിഴക്കൻ മേഖലയിൽ 1.8 ബില്യൺ ഡോളറാണ് നഷ്ടമായത്. 36 പേരുടെ മരണത്തിൽ കലാശിച്ചു. ഏപ്രിൽ 8 മുതൽ 11 വരെ തെക്കുകിഴക്കും, മദ്ധ്യപശ്ചിമ പ്രദേശത്തുംഉണ്ടായ ചുഴലിക്കാറ്റ് വരുത്തിയനഷ്ടം 2.2 ബില്യൺ ഡോളറാണ്.

മിസ്സൗറിയിലെ ജോപ്ലിനിൽ മെയ് 22 മുതൽ 27 വരെ തുടർച്ചയായി ആഞ്ഞടിച്ച ചുഴലിക്കാറ്റുകൾ 177 പേരുടെ ജീവൻ അപഹരിച്ചു. 9.1 ബില്യൺ ഡോളറിന്റെ നഷ്ടം വരുത്തുകയും ചെയ്തു.

ഏപ്രിൽ 4, 5 തീയതികളിൽ മദ്ധ്യപശ്ചിമ, തെക്കുകിഴക്കൻ പ്രദേശത്തുണ്ടായ ചുഴലിക്കാറ്റിലുണ്ടായനഷ്ടം 2.8 ബില്യൺ ഡോളറാണ്. 9 പേർ മരിച്ചു. ഈ പ്രധാന ദുരന്തങ്ങൾക്കുപുറമെ ചെറിയ വിപത്തുകൾ ധാരാളമായി സംഭവിക്കുകയും ചെയ്ത വർഷമാണ് 2011. ഹെർമൻകെയിനിന്റെ പിന്മാറ്റം ന്യൂയറ്റ്ഗിംഗ്റിച്ചിന് അനുകൂലമായി ഗ്രാൻഡ് ഓൾഡ് (റിപ്പബ്ളിക്കൻ) പാർട്ടിയിലെ പ്രസിഡന്റ് ടിക്കറ്റ് പ്രത്യാശികളുടെ ചിത്രം വ്യക്തമായി വരികയാണ്. അഭിപ്രായസർവ്വേകളിൽ ഏറെ പിന്തുണയുമായി മുന്നിൽ നിന്നിരുന്ന വ്യവസായ പ്രമുഖൻ ഹെർമൻകെയ്ൻ തല്ക്കാലം പ്രചരണം അവസാനിപ്പിച്ചിരിക്കുകയാണ്. തുടർച്ചയായി ഉന്നയിക്കപ്പെട്ട ലൈംഗിക ആരോപണങ്ങൾക്കുപിന്നാലെ മറ്റൊരു സ്ത്രീ അദ്ദേഹവുമായി 13 വർഷം ബന്ധം ഉണ്ടായിരുന്നതായി നടത്തിയ വെളിപ്പെടുത്തൽ ആയിരുന്നു ഹെർമന്റെ പിന്മാറ്റത്തിനു കാരണമായത്.

ഹെർമൻ പിന്മാറിയത് മുൻ സ്പീക്കർ ന്യൂയറ്റ് ഗിംഗ്റിച്ചിനെയാണ് ഏറെ സഹായിച്ചതെന്ന് സർവ്വേകൾ പറയുന്നു. അഭിപ്രായവോട്ടെടുപ്പുകളിൽ ഏറ്റവുമധികം പിന്തുണന്യൂയറ്റിനാണ് ഇപ്പോൾ ലഭിക്കുന്നത്. മിറ്റ്റോംനിയും റോൺപോളും പിന്നാലെയുണ്ട്. റിക്ക്പെറി, മിഷൽ ബാക്ക്മാൻ, റിക്ക് സാന്റോറം എന്നിവരാണ് പിറകിലായി ഉള്ളത്.

മിറ്റ് തന്റെ പുതിയ പരസ്യത്തിൽ ന്യൂയറ്റിനെ കടന്നാക്രമിച്ചു. ന്യൂയറ്റിന്റെ പരസ്യത്തിൽ മിറ്റിനെ വിമർശിച്ചതിനുപകരമാണിത്. മതത്തിന്റെ കാര്യത്തിലായാലും വിവാഹത്തെക്കുറിച്ചായാലും വ്യക്തമായ, സ്ഥിരമായ അഭിപ്രായമുള്ള വ്യക്തിയാണുതാൻ എന്ന് മിറ്റ് തന്റെ പുതിയ ടെലിവിഷൻ പരസ്യത്തിൽ അവകാശപ്പെടുന്നു. ഈ പരസ്യത്തിൽ മിറ്റിന്റെ ഭാര്യയും 5 പുത്രന്മാരും പ്രത്യക്ഷപ്പെടുന്നുണ്ട്. ക്രിസ്ത്യൻ ഇവാഞ്ചലിക്കലുകളുടെ പിന്തുണ നേടാൻ റിക്ക് പുതിയ ശ്രമം ആരംഭിച്ചു. അയോവയിൽ റിക്ക് പരസ്യപ്രവാഹം നടത്തുകയാണെന്ന് മാധ്യമങ്ങൾ പറയുന്നു.

## അമേരിക്കൻ തീൻമേശകളിൽ ഇനി കുതിര മാംസവും

# വില്പനയ്ക്കുള്ള വിലക്ക് നീക്കി

**പി.പി. ചെറിയാൻ**

**ഡാളസ് :** കഴിഞ്ഞ അഞ്ചു വർഷമായി അമേരിക്കയിൽ വിലക്ക് ഏർപ്പെടുത്തിയിരുന്ന കുതിര മാംസ വില്പന പുനരാരംഭിക്കുന്നതിന് അമേരിക്കൻ കോൺഗ്രസ്സിന്റെ അനുമതി. കുതിര മാംസപരിശോധനയ്ക്കുള്ള സാമ്പത്തിക സഹായം അമേരിക്കൻ ഗവൺമെന്റ് നിർത്തലാക്കിയിരുന്നു. 2006-ൽ നിലവിൽ വന്ന ഈ നിയമമാണ് 2011 നവംബർ മൂന്നാവാരം പ്രസിഡന്റ് ഒബാമ ഒപ്പിട്ടതോടെ ആസാധുവായത്. അമേരിക്കൻ ജനത നൽകുന്ന നികുതി പണത്തിൽ നിന്നും 5 മില്യൻ ഡോളർ കുതിര മാംസ പരിശോധനയ്ക്കായി ചിലവിടേണ്ടി വരുമെന്ന് വില്പനയെ എതിർക്കുന്നവർ വാദിക്കുമ്പോൾ വില്പന നിരോധിന നിയമം നിലവിൽ വന്നതിനു ശേഷം കുതിരകളെ ഉപേക്ഷിക്കുന്ന പ്രവണതയും. കുതിരകളുടെ പരിചരണത്തിൽ ആവശ്യമായ ശ്രദ്ധ ചെലുത്താതിരിക്കുന്നതും വർദ്ധിച്ചുവരുന്നതായി അനുകൂലികൾ വാദിക്കുന്നു.



2007-ലായിരുന്നു അമേരിക്കയിലെ ഇല്ലിനോയ്സിൽ അവസാന കുതിര അറവുശാല അടച്ചുപൂട്ടിയത്. ഫെഡറൽ ഗവൺമെന്റിന്റെ കർശന പരിശോധനാ നിയന്ത്രണങ്ങൾക്കു വിധേയമായി ഒരു വർഷം 200000 കുതിരകളുടെ മാംസം അമേരിക്കൻ തീൻമേശകളിൽ എത്തുമെന്നാണ് അധികൃതരുടെ കണക്കുകൂട്ടൽ.

യൂറോപ്പ്, ഫ്രാൻസ്, ജപ്പാൻ, ഏഷ്യാ എന്നിവിടങ്ങളിലേക്കും കുതിരമാംസ കയറ്റുമതി വർദ്ധിക്കും.

# കുടുംബ കലഹം : നാല് പിഞ്ചുകുട്ടികളെ തോക്കിനിരയാക്കി പിതാവ് ആത്മഹത്യ ചെയ്തു

**ഹൂസ്റ്റൺ:** കുടുംബ കലഹത്തെ തുടർന്ന് ഭാര്യയുടേയും 2,3,4,5 വയസ്സ് പ്രായമുള്ള കുട്ടികളുടെയും തലക്ക് നേരെ വെടിയുതിർത്ത് പിതാവ് ആത്മഹത്യ ചെയ്തു. ഹൂസ്റ്റൺ ബെസറ്റിലിൽ നവംബർ 30 ബുധനാഴ്ചയാണ് സംഭവം നടന്നത്. 24 വയസ്സുള്ള ഓസെ അഖില എന്ന ചെറുപ്പക്കാരൻ ഭാര്യ ലോറ ഗൊൺസാലസുമായി നവംബർ 22 ന് നടന്ന കലഹത്തിനെ തുടർച്ചയായിരുന്നുവെങ്കിലും തുടർനടപടികൾ എടുക്കുന്നതിൽ നിന്നും പോലീസിനെ ഭാര്യ പിൻതിരിപ്പിച്ചിരുന്നു. ഡിസംബർ 1 വ്യാഴം മാധ്യമങ്ങൾക്ക് നല്കിയ ഒരു പ്രസ്താവനയിലായിരുന്നു പോലീസ് ഡിപ്പാർട്ടമെന്റ് ഈ വിവരം വെളിപ്പെടുത്തിയത്. തലക്കു പുറകിൽ വെടിയേറ്റ നാലുകുട്ടികളെയും ഭാര്യയേയും ഉടനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും രണ്ടു കുട്ടികൾ ബുധനാഴ്ചയും, രണ്ടു കുട്ടികൾ വ്യാഴാഴ്ചയും മരണപ്പെട്ടു.

ഭാര്യ ഗുരുതരാവസ്ഥയിൽ കഴിയുന്നതായും പോലീസ് ഡിപ്പാർട്ട്മെന്റ് പ്രതിനിധി ആൻഡ്രൂലൂയിസ്സ് പറഞ്ഞു. സ്ത്രീകൾക്കും നേരെയുള്ള ആക്രമണങ്ങൾ അറിയിക്കണമെന്ന് ഹൂമൺസ് സന്റർ എക്സിക്യൂട്ടീവ് ഡയറക്ട്ടർ യൂജിന് ഡേവിഡ് പൊതുജനങ്ങളോട് അഭ്യർത്ഥിച്ചു. കുടുംബ കലഹങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് നാഷണൽ ഡൊമസ്റ്റിക്ക് വയലൻസ് ഹോട്ട് ലൈയിനുമായി ബന്ധപ്പെടണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഫോൺ: 1-800-799- S.A.F.E (7233)

**P.P. Cheriyan**

## എക്സ്പ്രസ്സ് ഹെറാൾഡ് ഡിസ്ക്കഷൻ ഫോറം

**പെന്തക്കോസ്ത് സഭകളിലെ അനാചാരങ്ങൾക്കും മൂല്യശോഷണത്തിനും എതിരെ ശക്തമായ് പ്രതികരിക്കുന്ന കോളം ആരംഭിച്ചിരിക്കുന്നു.**

**സന്ദർശിക്കുക :** www.expressherald.com

**അനുവാചകരുടെ ആശയങ്ങൾ, പ്രതികരണങ്ങൾ, നിർദ്ദേശങ്ങൾ ഞങ്ങളെ എഴുതി അറിയിക്കുക. അനുയോജ്യമായത് ഡിസ്ക്കഷൻ ഫോറത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

